01
2021
ഒക്ടോബർ
വെള്ളി
1197
കന്നി 15


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 164 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-164 പേജ് 4. വില 2.00 രൂപ




02 പുരാവസ്തുക്കൾ കൈവശം വെക്കാൻ അധികാരമുണ്ടോ, മന്ത്രി ദേവർകോവിൽ


03 9 പോലീസ് സൂപ്രണ്ടുമാർക്ക് ഐപിഎസ് പദവി അനുവദിച്ചു

04 ഇന്ത്യൻ ഹോക്കിയുടെ പ്രൗഢി വീണ്ടെടുക്കുമ്പോൾ

# കെ റെയിൽ പദ്ധതി 2025ൽ പൂർത്തിയാകും

കൊച്ചി: കെ റെയിൽ പദ്ധതി 2025 ഓടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമെന്നും പദ്ധതി യാഥാർഥ്യമാകുന്നതോടെ സംസ്ഥാന വികസനത്തിൽ വൻ കുതിച്ചുചാട്ടമാണ് സംഭവിക്കുകയെന്നും കേരള റെയിൽ ഡവലപ്മെൻറ് കോർപറേഷൻ ലിമിറ്റഡ് എംഡി വി. അജിത്കുമാർ.

കേരള മാനേജ്മെൻറ് അസോസിയേഷൻ സംഘടിപ്പിച്ച ലീഡർ ടോക്സിൽ 'കെ റെയിൽ ദി സിൽവർ ലൈൻ പ്രോജക്ട് ഓഫ് കേരള' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



63,941 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഇരട്ടപ്പാതയുള്ള പദ്ധതിയിൽ 200 കിലോമീറ്റർ വേഗതയിലാണ് ട്രെയിനുകൾ സഞ്ചരിക്കുക.

സംസ്ഥാനത്തെ 11 ജില്ലകളിലൂടെ കടന്നുപോകുന്ന കെ റെയിലിന് 11 സ്റ്റേഷനുകളാണ് ഉണ്ടാവുക. 530.6 കിലോമീറ്റർ ദൈർഘ്യം നാലു മണിക്കൂറിൽ താഴെ പൂർത്തിയാക്കാനാവും. ഇരുഭാഗത്തേക്കും 37 വീതം ട്രെയിനുകൾ ഓടും. തിരക്കുള്ള സമയങ്ങളിൽ 20 മിനിറ്റിനുള്ളിൽ ഒരു സർവീസ് ഉണ്ടാകും.

കെ റെയിൽ നിർമാണം മൂലം പ്രളയസാധ്യതകളും മറ്റു പ്രകൃതി ദുരന്തങ്ങളും ഉണ്ടാവുമെന്ന പ്രചാരണങ്ങൾ അസ്ഥാനത്താണെന്ന് അജിത്കുമാർ പറഞ്ഞു. പദ്ധതിയുടെ സ്ഥലമെടുപ്പിന് 13,000 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്.

ആദ്യഘട്ട സ്ഥലമെടുപ്പ് ആരംഭിച്ചു. പദ്ധതി വരുന്നതോടെ കേരളത്തിലെ യാത്രാവഴികൾ മാറുമെന്നാണ് കണക്കാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## അൺ റിസർവ്ഡ് എക്സ്പ്രസ് ട്രെയിൻ സർവീസുകൾ തുടങ്ങുന്നു

തിരുവനന്തപുരം: റിസർവേഷനില്ലാത്ത പ്രതിദിന എക്സ്പ്രസ് ട്രെയിൻ സർവീസുകൾ റെയിൽവേ ആരംഭിക്കുന്നു.

പുനലൂർ തിരുവനന്തപുരം ട്രെയിൻ ഒക്ടോബർ ഏഴു മുതൽ രാവിലെ 6.30 ന് പുനലൂരിൽ നിന്നു പുറപ്പെട്ട് 9.30 നു തിരുവനന്തപുരത്ത് എത്തും. ഒക്ടോബർ ആറു മുതൽ വൈകുന്നേരം 5.50 നു തിരുവനന്തപുരത്തു നിന്നു പുറപ്പെടുന്ന സ്പെഷൻ ട്രെയിൻ 8.15 നു പുനലൂരിൽ എത്തിച്ചേരും.

കോട്ടയം കൊല്ലം എക്സ്പ്രസ് ഒക്ടോബർ എട്ടു മുതൽ രാവിലെ 5.30 നു കോട്ടയത്തു നിന്നു പുറപ്പെട്ട് 7.50 നു കൊല്ലത്ത് എത്തിച്ചേരും. കൊല്ലം തിരുവനന്തപുരം എക്സ്പ്രസ് ഒക്ടോബർ എട്ടു മുതൽ ഉച്ചകഴിഞ്ഞു 3.30 നു കൊല്ലത്തു നിന്നു പുറപ്പെട്ട് 5.45 നു തിരുവനന്തപുരത്ത് എത്തിച്ചേരും.

തിരുവനന്തപുരം നാഗർകോവിൽ എക്സ്പ്രസ് ഒക്ടോബർ എട്ടു മുതൽ വൈകുന്നേരം ആറിനു തിരുവനന്തപുരത്തു നിന്നു പുറപ്പെട്ട് 7.55 നു നാഗർകോവിലിൽ എത്തിച്ചേരും.

## ഹരിത വിവാദം: ഇടുക്കി യൂത്ത് ലീഗിൽ പൊട്ടിത്തെറി, കൂട്ടരാജി

ഇടുക്കി: എംഎസ്എഫ് ഹരിത വിവാദവുമായി ബന്ധപ്പെട്ട് യൂത്ത് ലീഗിൽ വൻ പൊട്ടിത്തെറി. ഇടുക്കി ജില്ലയിലെ യൂത്ത് ലീഗ് നേതാക്കൾ കൂട്ടരാജി പ്രഖ്യാപിച്ചു. ജില്ലാ പ്രസിഡൻറ് സി.എം. അൻസാർ, വൈസ് പ്രസിഡൻറുമാരായ അജാസ്, ലത്തീഫ്, അൻവർ, സെക്രട്ടറിമാരായ ഷെരീഫ്, സൽമാൻ മുഹമ്മദ് ഷെരീഫ് എന്നിവരാണ് രാജിവച്ചത്. ജില്ലാ യൂത്ത് ലീഗ് കമ്മറ്റിക്ക് പുതിയ ആക്ടിംഗ് പ്രസിഡൻറിനെ നിയമിച്ചതിൽ പ്രതിഷേധിച്ചാണ് രാജി.

ജില്ലയിലെ നിലവിലുള്ള മുസ്ലിം ലീഗ്, യൂത്ത് ലീഗ് ജില്ലാ കമ്മിറ്റി ഭാരവാഹികളോട് ടെലിഫോണിൽ പോലും ഒരു കൂടിയാലോചന നടത്താതെയാണ് യൂത്ത് ലീഗ് ജില്ലാ കമ്മറ്റിയുടെ വൈസ് പ്രസിഡൻറ് സ്ഥാനത്ത് ഉണ്ടായിരുന്ന ഒരു വ്യക്തിയെ ആക്ടിംഗ് പ്രസിഡൻറായി നിയമിച്ചത്. ഇന്ന് പാർട്ടി മുഖപത്രത്തിലൂടെ ഒരറിയിപ്പായി പ്രഖ്യാപിച്ച് സംസ്ഥാന കമ്മറ്റിയുടെ നിലപാട് തികച്ചും അപലപനീയമാണെന്നും നേതാക്കൾ പറഞ്ഞു.

ഹരിത വിഷയത്തിലെ യൂത്ത് ലീഗിൻറെ നിലപാടിലും വിയോജിക്കുന്നു. കഴിഞ്ഞ കുറെ നാളുകളായി ജില്ലയിൽ മുസ്ലിം യൂത്ത് ലീഗ് ജില്ലാ കൗൺസിലോ, ഭാരവാഹികളുടെ യോഗമോ വിളിച്ചുകൂട്ടിയിരുന്നില്ല. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോലും തെരെഞ്ഞെടുപ്പ് പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുക പോലും ചെയ്തിരുന്നില്ല.

നാളുകളായി ഇടുക്കി ജില്ലയിൽ പാർട്ടിയുടെയും, പോഷക സംഘടനകളുടെയുമെല്ലാം ഭാരവാഹിത്വത്തിലേക്ക് വ്യക്തി താല്പര്യങ്ങൾ മാത്രം മുൻ നിർത്തി പദവികൾ വീതം വച്ച് നൽകുന്നതിനോട് മുന്നോട്ട് പോകുവാൻ തയ്യാറായില്ലെന്നും രാജി പ്രഖ്യാപിച്ച് ഭാരവാഹികൾ അറിയിച്ചു.

## മോൻസന് എതിരെ കൂടുതൽ കേസുകൾ; ക്രൈംബ്രാഞ്ച് കസ്റ്റഡി നീട്ടി

കൊച്ചി: പുരാവസ്തുതട്ടിപ്പ് കേസിൽ അറസ്റ്റിലായ മോൻസൻ മാവുങ്കലിനെ മൂന്നു ദിവസത്തേക്ക് കൂടി ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ വിട്ടു. കൂടുതൽ കേസുകൾ ഇപ്പോൾ മോൺസന് എതിരെയുണ്ട്. കൂടുതൽ തെളിവുകളും വിവരങ്ങളും ശേഖരിക്കാനുണ്ടെന്ന് ക്രൈം ബ്രാഞ്ച് കോടതിയെ അറിയിച്ചു.

സാമ്പത്തിക തട്ടിപ്പു കേസിൽ, ഫെമ ഇടപാടുമായി ബന്ധപ്പെട്ട് മോൺസൻ ഹാജരാക്കിയിരുന്ന മുഴുവൻ രേഖകളും വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2,62,000 കോടി രൂപയുടെ രേഖകൾ മോൺസൺ പ്രദർശിപ്പിച്ചത് തങ്ങളുടെ രേഖകളല്ലെന്ന് എച്ച്എസ്ബിസി ബാങ്ക് പ്രാഥമികമായി സ്ഥിരീകരിച്ചിട്ടുണ്ട്.

ഈ രേഖകൾ മോൻസൻ എങ്ങനെയാണ് കെട്ടിച്ചമച്ചതെന്നും അന്വേഷിക്കുന്നുണ്ട്. ട്രിബ്യൂണലുമായി ബന്ധപ്പെട്ട രേഖകൾ എങ്ങനെ കൃത്രിമമായി നിർമിച്ചു, ആരുടെ സഹായം ലഭിച്ചു തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കേണ്ടതുണ്ട്.

## സ്കൂളുകളിലെ കേന്ദ്രാവിഷ്കൃത ദേശീയ പദ്ധതി അഞ്ച് വർഷത്തേക്ക് കൂടി

ന്യൂഡൽഹി : 202122 മുതൽ 202526 വരെയുള്ള അഞ്ച് വർഷത്തേക്ക് സ്കൂളുകളിൽ പിഎം പോഷൺ ദേശീയ പദ്ധതി തുടരുന്നതിന് പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സാമ്പത്തിക കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി (സിസിഇഎ) യുടെ അംഗീകാരം. കേന്ദ്ര ഗവൺമെന്റിൽ നിന്ന് 54061.73 കോടിയും സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും 31,733.17 കോടി രൂപയുമാണ് ഇതിനു ചെലവഴിക്കുക. ഭക്ഷ്യധാന്യങ്ങൾക്ക് ഏകദേശം 45,000 കോടി രൂപയുടെ അധിക ചിലവും കേന്ദ്ര ഗവൺമെന്റ് വഹിക്കും. അതിനാൽ, മൊത്തം പദ്ധതിച്ചെലവ് 1,30,794.90 കോടി രൂപ വരും.

202122 മുതൽ 202526 വരെ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ ഒരുനേരം പാചകം ചെയ്ത ഭക്ഷണം നൽകുന്ന പിഎം പോഷൺ പദ്ധതിക്കാണ് ഇന്ന് സിസിഇഎ അനുമതി നൽകിയത്. ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഉച്ചഭക്ഷണ പദ്ധതി എന്നറിയപ്പെടുന്ന ' സ്കൂളുകളിലെ ഉച്ച ഭക്ഷണത്തിനുള്ള ദേശീയ പദ്ധതി' എന്നായിരുന്നു ആദ്യ പേര്.

രാജ്യത്തെ 11.20 ലക്ഷം സ്കൂളുകളിൽ പഠിക്കുന്ന ഏകദേശം 11.80 കോടി കുട്ടികൾക്കാണ് പദ്ധതിയുടെ ഗുണം. 202021 കാലഘട്ടത്തിൽ, ഭക്ഷ്യധാന്യങ്ങൾക്കായി ഏകദേശം 11,500 കോടി രൂപ ഉൾപ്പെടെ, 24,400 കോടി രൂപയിലധികം കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിയിൽ നിക്ഷേപിച്ചു.

പദ്ധതിയുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുന്ന തീരുമാനത്തിന്റെ പ്രധാനഭാഗങ്ങൾ ഇങ്ങനെയാണ്: പ്രൈമറി ക്ലാസ്സുകളിലെ 11.80 കോടി കുട്ടികൾക്കും പുറമെ ഗവൺമെന്റ്, എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ പ്രീ പ്രൈമറി അല്ലെങ്കിൽ അങ്കണവാടികളിൽ പഠിക്കുന്ന വിദ്യാർത്ഥികളിലേക്കും കൂടി പദ്ധതി വ്യാപിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

പ്രത്യേക അവസരങ്ങളിൽ അല്ലെങ്കിൽ ഉത്സവവേളകളിൽ ആളുകൾ കുട്ടികൾക്ക് പ്രത്യേക ഭക്ഷണം നൽകുന്ന സമൂഹ പങ്കാളിത്ത പരിപാടിയായ തിഥി ഭോജനം എന്ന ആശയം വ്യാപകമായി പ്രോത്സാഹിപ്പിക്കപ്പെടും.

കുട്ടികൾക്ക് പ്രകൃതിയോടും കൃഷിത്തോട്ടങ്ങളോടും നേരിട്ടുള്ള അനുഭവം നൽകുന്നതിനായി സ്കൂളുകളിലെ സ്കൂൾ പോഷകാഹാര ഉദ്യാനങ്ങളുടെ വികസനം ഗവൺമെന്റ് പ്രോത്സാഹിപ്പിക്കും. ഈ കൃഷിത്തോട്ടങ്ങളുടെ വിളവെടുപ്പ് അധികമായി സൂക്ഷ്മ പോഷകങ്ങൾ നൽകുന്നതിന് ഉപയോഗിക്കും. സ്കൂൾ പോഷകാഹാര കൃഷ്യിയിടങ്ങൾ ഇതിനകം 3 ലക്ഷത്തിലധികം സ്കൂളുകളിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് എല്ലാ ജില്ലകളിലും നിർബന്ധമാക്കി. അനീമിയ കൂടുതലുള്ള ജില്ലകളിലും ജില്ലകളിലുമുള്ള കുട്ടികൾക്ക് അനുബന്ധ പോഷകാഹാര ഇനങ്ങൾ നൽകുന്നതിന് പ്രത്യേക വ്യവസ്ഥ. പ്രാദേശികമായി ലഭ്യമായ ചേരുവകളും പച്ചക്കറികളും അടിസ്ഥാനമാക്കിയുള്ള പാചകരീതിയും നൂതനമായ വിഭവപട്ടികയും പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമീണതലം മുതൽ ദേശീയതലം വരെ എല്ലാ തലങ്ങളിലും പാചക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കും.

## കേരളത്തിൽ കോവിഡ് മരണം 25,000 കടന്നു

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 15,914 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 2332, തൃശൂർ 1918, തിരുവനന്തപുരം 1855, കോഴിക്കോട് 1360, കോട്ടയം 1259, ആലപ്പുഴ 1120, കൊല്ലം 1078, മലപ്പുറം 942, പാലക്കാട് 888, പത്തനംതിട്ട 872, കണ്ണൂർ 799, ഇടുക്കി 662, വയനാട് 566, കാസർഗോഡ് 263 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,03,871 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 368 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 745 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,46,818 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,27,935 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 18,883 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1204 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,42,529 കോവിഡ് കേസുകളിൽ, 12 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 122 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 25,087 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 74 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 15,073 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 691 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 76 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 16,758 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 948, കൊല്ലം 172, പത്തനംതിട്ട 976, ആലപ്പുഴ 1010, കോട്ടയം 1355, ഇടുക്കി 502, എറണാകുളം 2474, തൃശൂർ 2572, പാലക്കാട് 919, മലപ്പുറം 1440, കോഴിക്കോട് 1955, വയനാട് 574, കണ്ണൂർ 912, കാസർഗോഡ് 949 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 1,42,529 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 45,12,662 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## നിയമസഭാ സമ്മേളനം ഒക്ടോബർ 4 മുതൽ; നിയമനിർമാണത്തിന് പ്രാമുഖ്യം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാമത് സമ്മേളനം ഒക്ടോബർ നാലിന് ആരംഭിക്കുമെന്ന് സ്പീക്കർ എം.ബി. രാജേഷ് അറിയിച്ചു. നവംബർ 12 വരെ നീണ്ടു നിൽക്കുന്ന സമ്മേളനകാലത്ത് 24 ദിവസം സഭ ചേരും. പൂർണമായും നിയമനിർമ്മാണത്തിനായാണ് ഇത്തവണ സഭ ചേരുന്നത്. കഴിഞ്ഞ ആഗസ്റ്റ് 13 ന് അവസാനിച്ച രണ്ടാം സമ്മേളന കാലത്ത് ബജറ്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരുന്നു.

സംസ്ഥാനത്ത് നിലവിൽ 45 ഓർഡിനൻസുകളാണ് പ്രാബല്യത്തിലുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ കഴിഞ്ഞ ഒന്നര വർഷമായി സഭ സമ്മേളന ദിനങ്ങളിൽ കാര്യമായ കുറവുവന്നതിനാലാണ് ഓർഡിനൻസുകളുടെ എണ്ണം കൂടിയതെന്ന് സ്പീക്കർ പറഞ്ഞു. ഇവയ്ക്ക് പകരമുള്ള ബില്ലുകൾ യഥാസമയം സഭയിൽ അവതരിപ്പിച്ച് പാസാക്കാൻ സാധിക്കാത്ത സാഹചര്യം കോവിഡ് കാരണം സൃഷ്ടിക്കപ്പെട്ടു. കഴിഞ്ഞ സമ്മേളനകാലത്ത് ഒരംഗം ഇക്കാര്യം ക്രമപ്രശ്നമായി ഉന്നയിക്കുകയും തുടർന്ന് നിയമ നിർമാണത്തിനായി പ്രത്യേക സമമ്മളനം ചേരണമെന്നും എല്ലാ ഓർഡിനൻസുകളും സഭയിൽ അവതരിപ്പിച്ച് പാസാക്കണമെന്നും ചെയർ റൂൾ ചെയ്തിരുന്നു. അതിന്റെകൂടി പശ്ചാത്തലത്തിലാണ് നിയമ നിർമാണത്തിന് മാത്രമായി മൂന്നാം സമ്മേളനം ചേരുന്നത്. സഭ സമ്മേളിക്കുന്ന 24 ദിവസത്തിൽ 4 ദിവസം അനൗദ്യോഗിക അംഗങ്ങളുടെ കാര്യത്തിനും ഒരു ദിവസം ഉപധനാഭ്യർത്ഥനകളുടെ പരിഗണനയ്ക്കുമായി മാറ്റിവച്ചിട്ടുണ്ട്. ബാക്കി 19 ദിവസവും നിയമനിർമാണത്തിനായി മാറ്റിവച്ചിട്ടുണ്ട്. സഭാ സമ്മേളനം ആരംഭിക്കുന്ന ഒക്ടോബർ നാലിന് നാല് ബില്ലുകളും അടുത്ത ദിവസം മൂന്ന് ബില്ലുകളുമാണ് പരിഗണനയ്ക്ക് വരുന്നത്. തുടർന്നുള്ള ദിവസങ്ങളിലെ ബില്ലുകൾ സംബന്ധിച്ച് കാര്യോപദേശക സമിതി യോഗം ചേർന്ന് തീരുമാനമെടുക്കും.

2021 ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021 ലെ കേരള നഗരഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ ആദ്യദിവസവും 2021 ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021 ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ രണ്ടാം ദിവസവും സഭയുടെ പരിഗണനയ്ക്ക് വരും. നിയമനിർമാണ കാര്യത്തിൽ ആദ്യ രണ്ട് ദിവസങ്ങളിൽ സഭ പരിഗണിക്കുന്ന ബില്ലുകൾ സ്പീക്കർ നിശ്ചയിക്കുന്നതാണ് കീഴ്വഴക്കം. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലുകൾ നിശ്ചയിച്ചത്.

വിവിധ സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായുള്ള ബില്ലുകൾ, കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ, കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, കേരള പബ്ലിക് ഹെൽത്ത് ബിൽ, കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ, കേരള സൂക്ഷ്മചെറുകിടഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ തുടങ്ങിയവയാണ് സഭ പരിഗണിക്കാനിരിക്കുന്ന മറ്റ് പ്രധാനപ്പെട്ട ബില്ലുകളെന്ന് സ്പീക്കർ എം.ബി. രാജേഷ് പറഞ്ഞു.

## 3,29,333 അപേക്ഷകൾ തീർപ്പാക്കി കഴിഞ്ഞു

ജില്ലയൊട്ടാകെയുള്ള 105 വില്ലേജുകളിലും അതിവേഗ സേവനം ഉറപ്പാക്കി ഓൺലൈൻ പോക്കു വരവ് സംവിധാനം സജ്ജമാക്കിയതായി ജില്ലാ കലക്ടർ അഫ്സാന പർവീൺ അറിയിച്ചു. 3,29,333 അപേക്ഷകൾ തീർപ്പാക്കി കഴിഞ്ഞു. റവന്യൂ ഇപെയ്മന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനങ്ങൾക്ക് കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ജില്ലയിൽ ഡിജിറ്റലൈസേഷൻ ത്വരിതപ്പെടുത്തിയത്. നികുതി സ്വീകരിക്കുന്നതും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇതര സാക്ഷ്യപത്രങ്ങളുമെല്ലാം ഓൺലൈനായി നൽകുകയാണ്. ജീവനക്കാർക്ക് പരിശീലനം നൽകുന്നത് തുടരുകയുമാണ്. പ്ലാൻ ഫണ്ട് വിനിയോഗിച്ചാണ് പരിഷ്കരണം നടപ്പിലാക്കിയത്. കലക്ട്രേറ്റിലെ എല്ലാ സെക്ഷനുകളിലും ആർ. ഡി. ഒ ഓഫീസിലും ഇഓഫീസ് സംവിധാനം പൂർത്തിയാക്കി. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മറ്റെല്ലാം ഓഫീസുകളിലേക്കും സൗകര്യം വ്യാപിപ്പിക്കാനാകും. ഇഡിസ്ട്രിക്ട് പദ്ധതി കൂടുതൽ ശക്തമാക്കുന്നതിനായി ആധുനിക ലാപ്ടോപ്/കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലാണെന്നും കലക്ടർ വ്യക്തമാക്കി.

## അംബാനി ഒന്നാമത്, അദാനി രണ്ടാമത്; ഏഷ്യയിലെ ഏറ്റവും വലിയ ധനികർ ഇവർ

ന്യൂഡൽഹി: ഏഷ്യയിലെ ഏറ്റവും വലിയ ധനികനായി വീണ്ടും മുകേഷ് അംബാനി. ഐഐഎഫ്എൽ വെൽത്ത്ഹുറൂൺ ഇന്ത്യ റിച്ച് ലിസ്റ്റ് 2021 റിപ്പോർട്ട് പ്രകാരമാണ് അംബാനി തുടർച്ചയായി പത്താമത്തെ വർഷവും ഒന്നാംസ്ഥാനം നിലനിർത്തിയത്.

അഞ്ച് ലക്ഷം കോടി രൂപയുടെ ആസ്തിയുമായി ഗൗതം അദാനി ഏഷ്യയിലെ രണ്ടാമത്തെ ഏറ്റവും സമ്പന്നനായ വ്യക്തിയായി. രാജ്യത്തെ ആയിരത്തിലധികംപേർ ആയിരം കോടിയിലേറെ ആസ്തി സ്വന്തമാക്കി. 119 നഗരങ്ങളിലായി 1,007 വ്യക്തികൾക്കാണ് 1000 കോടി രൂപയിലേറെ ആസ്തിയുള്ളത്.

മുൻനിരയിലുള്ള 894 പേരുടെ സമ്പത്തിൽ വർധനവുണ്ടായി. ഇതിൽ 229 പേർ പുതുമുഖങ്ങളാണ്. അതേസമയം, 113 പേരുടെ ആസ്തിയിൽ ഇടിവുണ്ടായതായും റിപ്പോർട്ടിൽ പറയുന്നു.



സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിൻ്റെ കൈരളി റിസർച്ച് അവാർഡ് ദാനചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ നിർവഹിക്കുന്നു.

# ഓക്സിലറി ഗ്രൂപ്പ് രൂപീകരണം കുടുംബശ്രീയുടെ ന്യൂജെൻ സംവിധാനം കേരളത്തിൽ ശക്തമായ സാമൂഹ്യ മുന്നേറ്റമാകും: മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ

തിരുവനന്തപുരം: കുടുംബശ്രീയുടെ ന്യൂജെൻ സംവിധാനമെന്ന നിലയ്ക്ക് ഒക്ടോബർ രണ്ടു മുതൽ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും രൂപീകരിക്കുന്ന ഓക്സിലറി ഗ്രൂപ്പുകൾ കേരളത്തിൽ ശക്തമായ സാമൂഹ്യ മുന്നേറ്റമായി മാറുമെന്ന് തദ്ദേശസ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഗ്രൂപ്പ് രൂപീകരണത്തിന് മുന്നോടിയായി ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, മിഷൻ ജീവനക്കാർ, കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹികൾ, കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർ എന്നിവരുമായി ഓൺലൈനായി സംവദിക്കുകയായിരുന്നു അദ്ദേഹം.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലില്ലായ്മ കൂടുതലാണ്. തൊഴിൽരഹിതരായ യുവതികളുടെ പട്ടികയിൽ ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകളുമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്രാദേശികതലത്തിൽ കാർഷിക വ്യാവസായിക സേവന മേഖലകളിലെ വിഭവ സാധ്യതകൾ മനസ്സിലാക്കി അതിനനുസൃതമായ തൊഴിൽ രംഗങ്ങളിലേക്ക് കടന്നു ചെല്ലാൻ വനിതകളെ സഹായിക്കുകയാണ് ഓക്സിലറി ഗ്രൂപ്പുകളിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് നൈപുണ്യ വികസന പരിശീലനവും സംരംഭകത്വ വികസന പരിശീലനങ്ങളും നൽകി കുടുംബശ്രീയുടെ യുവതലമുറ ഉൾപ്പെടുന്ന സംവിധാനത്തെ ശക്തമാക്കും. വിവിധ വകുപ്പുകളുമായും നൈപുണ്യപരിശീലന കേന്ദ്രങ്ങളുമായും സംയോജിച്ചു കൊണ്ടായിരിക്കും ഇത്. വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുമായി ചേർന്നുകൊണ്ട് സ്ത്രീധന ഗാർഹിക പീഡനം, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രതിരോധിക്കുന്ന കരുത്തുറ്റ പ്രാദേശിക സംവിധാനങ്ങളായി ഓക്സിലറി ഗ്രൂപ്പുകളും മാറ്റും. കൂട്ടായ്മയുടെ പിൻബലം കൈവരിക്കുന്നതു വഴി ഓക്സിലറി ഗ്രൂപ്പുകൾ എന്ന ആശയം വലിയൊരു ഭൗതിക ശക്തിയായി മാറുമെന്നും പുരുഷാധിപത്യ സമൂഹത്തിലെ ജീർണതകൾ മാറ്റിക്കൊണ്ട് കൂടുതൽ ആർജ്ജവത്തോടെ മുന്നേറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

കുടുംബശ്രീയുടെ കീഴിൽ യുവതികൾക്കു കൂടി പ്രസക്തമാകുന്ന വിധത്തിൽ രൂപീകരിക്കുന്ന ഓക്സിലറി ഗ്രൂപ്പുകൾ മുഖേന സ്ത്രീകൾക്ക് പ്രാദേശികതലത്തിൽ കൂടുതൽ ക്രിയാത്മകവും വൈവിധ്യവുമായ ഇടപെടലുകൾക്ക് അവസരം ലഭ്യമാകുമെന്നും, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമായി ഈ ഗ്രൂപ്പുകൾക്ക് മാറാൻ കഴിയണമെന്നും ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാമുരളീധരൻ പറഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ സ്വാഗതം പറഞ്ഞു. തിരുവനന്തപുരം നഗരസഭാ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി അധ്യക്ഷൻ സലിം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് കെ.എം ഉഷ, കില ഡയറക്ടർ ജോയ് ഇളമൺ എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ അനു. ആർ.എസ് നന്ദി പറഞ്ഞു.

# പുരാവസ്തുക്കൾ കൈവശം വെക്കാൻ അധികാരമുണ്ടോ, വിശദീകരണവുമായി മന്ത്രി ദേവർകോവിൽ

പുരാവസ്തുക്കൾ എപ്രകാരമാണ് തിരിച്ചറിയുന്നത്, അത് എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടത്, അത് സൂക്ഷിക്കാൻ പൊതുജനങ്ങൾക്ക് അവകാശമുണ്ടോ, അവയുടെ കൈമാറ്റവും വില്പനയും നടത്താൻ കഴിയുമോ തുടങ്ങി ധാരാളം ചോദ്യങ്ങൾ ഇപ്പോൾ കേരളീയ സമൂഹത്തിൽ ഉയർന്നു വരികയാണ്.

പുരാവസ്തുക്കൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച ഇത്തരം കാര്യങ്ങളിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും നിയമാവലികളും നിലവിലുണ്ട് എന്ന് മന്ത്രി അഹമ്മദ് ദേവർകോവിൽ ഫേസ് ബുക്ക് പോസ്റ്റിലൂടെ വ്യക്തമാക്കി.

അന്റികിറ്റീസ് ആന്റ് ആർട്ട് ട്രഷേഴ്സ് ആക്ട് 1972 എന്ന കേന്ദ്ര ആക്ടിലാണ് പുരാവസ്തുക്കളുടെ കൈകാര്യം സംബന്ധിച്ച വിഷയങ്ങൾ പ്രതിപാദിക്കുന്നത്. നൂറു വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും ചരിത്രപരമോ, കലാപരമോ, പുരാതത്വപരമോ ആയി പ്രാധാന്യമുള്ളതുമായ വസ്തുക്കളാണ് പുരാവസ്തുക്കൾ എന്ന ഗണത്തിൽ ഉൾപ്പെടുന്നത്. ഇത്തരത്തിൽപ്പെട്ട വസ്തുക്കൾ കൈവശമുള്ളവർക്ക് അവ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും, അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായി കേന്ദ്രപുരാവസ്തു വകുപ്പിൽ പുരാവസ്തു രജിസ്റ്ററിംഗ് ഓഫീസുകൾ പ്രവത്തിക്കുന്നുണ്ട്.

അത്തരം ഓഫീസുകളിൽ പൊതുജനങ്ങളുടെ കൈവശമുള്ള പുരാവസ്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. രജിസ്റ്ററിംഗ് ഓഫീസ് അനുവദിക്കുന്ന പുരാവസ്തു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇതു സംബന്ധിച്ചുള്ള ആധികാരിക രേഖയാണ്. കേരളത്തെ സംബന്ധിച്ച്, കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ തൃശ്ശൂർ സർക്കിളിനു കീഴിൽ ഇത്തരം ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. പുരാവസ്തുക്കൾ കൈവശമുള്ളവർ നിയമപരമായി അത് സൂക്ഷിക്കുന്നതിനുള്ള അവകാശം ഈ രജിസ്ടേഷനിലൂടെയാണ് നേടേണ്ടത്. പുരാവസ്തുക്കൾ ഇന്ത്യക്കകത്ത് കൈമാറ്റം ചെയ്യുന്നതിനും ഈ ആക്ടിൽ വ്യവസ്ഥയുണ്ട്. അതുപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വസ്തുവിന്റെ ഉടമസ്ഥതയും കൈമാറ്റം ചെയ്യാൻ കഴിയുന്നതാണ്. രജിസ്റ്റർ ചെയ്തതോ, ചെയ്യാത്തതോ ആയ യാതൊരു പുരാവസ്തുവും വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ ഇന്ത്യയിൽ നിന്ന് പുറം രാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ അവകാശമില്ല. ഇന്ത്യയിലുള്ള ഒരു പുരാവസ്തു മറ്റൊരു രാജ്യത്തിനു കൈമാറണമെങ്കിൽ അതിനുള്ള അവകാശം കേന്ദ്ര സർക്കാരിനുമാത്രമേയുള്ളു.

യഥാർത്ഥത്തിൽ പുരാവസ്തുക്കൾ അല്ലാത്തതും എന്നാൽ കാഴ്ചയിൽ പുരാവസ്തു എന്നു തോന്നിക്കുന്നതുമായ വസ്തുക്കൾ വില്പന നടത്തുന്നതിനും പുറം രാജ്യങ്ങളിലേയ്ക്കു കൊണ്ടു പോകുന്നതിനും അവ പുരാവസ്തുവല്ല എന്ന സാക്ഷ്യപത്രം (ചീി അിശോൗശ്യേ രലൃശേളശരമലേ) ആവശ്യമുണ്ട്. മുൻപ് പറഞ്ഞ ആക്ടിൽ 'പുരാവസ്തുവല്ല' എന്ന സാക്ഷ്യപത്രം നൽകുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുന്നുണ്ട്. ഈ സാക്ഷ്യപത്രം നൽകുന്നതിനുള്ള അധികാരവും കേന്ദ്ര പുരാവസ്തു വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ചാണ് ഈ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. കേരളത്തിൽ കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ തൃശ്ശൂർ സർക്കിൾ ഓഫീസ് ഈ നടപടികൾ നല്ല നിലയിൽ നിർവ്വഹിച്ചു വരുന്നുണ്ട്.

ആന്റിക്, നോൺ ആന്റിക് വസ്തുക്കളുടെ കച്ചവടം നടത്തുന്നവർക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളും മേൽപറഞ്ഞ ആക്ടിലുണ്ട്.

അതുപ്രകാരം ലൈസൻസ് നേടി നിയമവിധേയമായി ഇത്തരത്തിലുള്ള കച്ചവടം നടത്തി വരുന്നവരും ധാരാളമുണ്ട്. അതുകൊണ്ട് പുരാവസ്തുക്കൾ സുക്ഷിക്കുന്നതിനുള്ള അവകാശത്തെ സംബന്ധിച്ച് ജനങ്ങൾ വ്യക്തമായി അറിഞ്ഞിരിക്കുകയും അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് മന്ത്രി വിശദീകരിച്ചു.

# 200 ഗ്രാമപഞ്ചായത്തുകൾ ഒക്ടോബർ 2ന് ഒ.ഡി.എഫ് പ്ലസ് കൈവരിക്കുന്നു

ഗ്രാമപ്രദേശങ്ങളിൽ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമെന്ന പദവി 2016 ൽ കൈവരിച്ച കേരളം മറ്റൊരു നാഴികകല്ല് കൂടി ഒക്ടോബർ രണ്ടിന് പിന്നിടുന്നു. വെളിയിട വിസർജ്ജന മുക്ത സുസ്ഥിരതാ ക്യാമ്പയിന്റെ ഭാഗമായുള്ള അധിക മാനദണ്ഡങ്ങൾ കൂടി (ഒ.ഡി.എഫ് പ്ലസി) പാലിച്ചുകൊണ്ട് 200 ഗ്രാമപഞ്ചായത്തുകൾ ഒക്ടോബർ രണ്ടിന് ഒ.ഡി.എഫ് പ്ലസ് പദവി കൈവരിക്കും.

ഗ്രാമങ്ങളിലെ മുഴുവൻ വീടുകളിലും ശുചിമുറി സൗകര്യവും അവയുടെ ഉപയോഗവും ഉറപ്പാക്കുകയും പാഴ്വസ്തു ശേഖരണത്തിനായുള്ള വാതിൽപ്പടി ശേഖരണം ശാസ്ത്രീയമായ മലിനജല പരിപാലനം, പ്ലാസ്റ്റിക് മാലിന്യ പരിപാലനം, സാമൂഹികവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കോളനികളിലും മറ്റും സാമൂഹിക ഖരദ്രവ മാലിന്യ പരിപാലന സൗകര്യങ്ങൾ പൊതുജനാവബോധം വളർത്തുന്നതിനായി സന്ദേശ ബോർഡുകൾ, ചുമരെഴുത്തുകൾ തുടങ്ങിയവ പ്രദർശിപ്പിക്കുക തുടങ്ങിയ മാനദണ്ഡങ്ങൾ സമയബന്ധിതമായി പാലിച്ചുകൊണ്ടാണ് 200 ഗ്രാമപഞ്ചായത്തുകൾ ആദ്യഘട്ടത്തിൽ പദവി സ്വന്തമാക്കിയത്. ഈ വർഷം ഡിസംബറോടെ 500 പഞ്ചായത്തുകളെ ഈ പദവിയിൽ എത്തിക്കാനാണ് ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ ലക്ഷ്യമിടുന്നത്.

കേന്ദ്ര കുടിവെള്ള ശുചിത്വമന്ത്രാലയം രാജ്യത്തെ ഗ്രാമീണ മേഖലയുടെ ശുചിത്വ നിലവാര നിർണ്ണയം നടത്തുന്നതിനായി സംഘടിപ്പിക്കുന്ന "സ്വച്ഛ് സർവ്വേക്ഷൻ ഗ്രാമീൺ 2021" ന് ഒക്ടോബർ ആറിന് തുടക്കമാകും.

സർവ്വേ മാനദണ്ഡങ്ങളും, നടപടിക്രമങ്ങളും സംബന്ധിച്ച് ഒക്ടോബർ ആറിന് നടക്കുന്ന സംസ്ഥാനതല പരിശീലനങ്ങളോടെയാവും പ്രവർത്തനങ്ങൾക്ക് തുടക്കമാകുക.

# നിക്ഷേപം വർദ്ധിപ്പിച്ച് കേരള ബാങ്ക് 1,06,396 കോടിയുടെ ഇടപാട്, 18200 കോടി വായ്പ

കേരള ബാങ്കിൽ നിക്ഷേപ വർദ്ധന. 2020 2021 സാമ്പത്തിക വർഷത്തിൽ ആകെ നിക്ഷേപത്തിൽ 9.27 ശതമാനത്തിന്റെ വർദ്ധനയാണുണ്ടതെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 61,071 കോടി രൂപയായിരുന്ന നിക്ഷേപം 66,731 കോടിരൂപയായി ഉയർന്നു. കേരള ബാങ്ക് രൂപീകരണത്തിന് ശേഷമുള്ള ആദ്യ പൂർണ സാമ്പത്തിക വർഷമായിരുന്നു 202021. 2021 മാർച്ച് 31 വരെ 1,06,396 കോടി രൂപയുടെ ഇടപാടുകളാണ് നടത്തിയത്. അറ്റാദായം 61.99 കോടി രൂപയാണ്. ലയന സമയത്ത് 25 ശതമാനമായിരുന്ന നിഷ്ക്രിയ ആസ്തി 14.40 ശതമാനമായി കുറച്ചു. 5738 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ നിഷ്ക്രിയ ആസ്തി. കോവിഡ് മഹാമാരിക്കിടയിലാണ് ആകെ ബിസിനസിൽ 9.27 ശതമാനം വർദ്ധന വരുത്തിയത്.

നബാർഡ് വഴിയുള്ള പുനർവായ്പ സൗകര്യം ലഭ്യമാക്കുന്നതിലും വൻ നേട്ടമാണ് സൃഷ്ടിച്ചത്. 2019 20 സാമ്പത്തിക വർഷം 4315 കോടി രൂപയായിരുന്ന പുനർവായ്പ സഹായം 6058 കോടി രൂപയായി ഉയർന്നു. 40.39 ശതമാനത്തിന്റെ വർദ്ധനയാണുണ്ടായത്. ലയന സമയത്തെ സഞ്ചിത നഷ്ടം 1151 കോടി രൂപയായിരുന്നു. ഇത് 714 കോടി രൂപയായി കുറച്ചു. മൂലധന സ്വയം പര്യാപ്തത ലയന സമയത്ത് 6.26 ശതമാനമായിരുന്നു. ഇപ്പോൾ 10.18 ശതമാനമായി വർദ്ധിപ്പിച്ചു. റിസർവ് ബാങ്ക് നിബന്ധന 9 ശതമാനം മാത്രമാണ്.

കേരള സർക്കാർ നടത്തിയ 400 കോടി രൂപയുടെ നിക്ഷേപത്തിന്റെ പിൻബലത്തിലാണ് മൂലധന സ്വയം പര്യാപ്തത വർദ്ധിപ്പിക്കാൻ കഴിഞ്ഞത്.

കേരള ബാങ്ക് രൂപീകരണത്തിന് ശേഷം മുൻഗണനാ മേഖലകളായ കൃഷി, സർവീസ്, കച്ചവടം, ഗ്രാമീണ മേഖലയിലെ ചെറുകിട സംരംഭങ്ങൾ, മൈക്രോ ഫിനാൻസ്, ഗ്രാമീണ ഭവന നിർമ്മാണം മേഖലകളിലെ ചെറുകിട വായ്പകൾക്കാണ് ഊന്നൽ നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ വഴിയും നേരിട്ടും 18,200 കോടി രൂപയാണ് വായ്പയായി നൽകിയത്. ബാങ്കിന്റെ ഓഹരി ഉടമകളായ 1500ൽ പരം വരുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ കൂടി സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങൾ (ങടങഋ), ഗ്രാമീണ വ്യവസായങ്ങൾ, വാണിജ്യ മേഖല എന്നിവയ്ക്ക് വായ്പകൾ നൽകുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം,സംസ്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ സാധ്യമാക്കുകയും അതുവഴി കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയെ നേരിടാനുള്ള ശക്തമായ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നിബന്ധനകൾ പാലിക്കുന്ന പദ്ധതികൾക്ക് രണ്ട് കോടി രൂപ വരെ നാല് ശതമാനം പലിശ നിരക്കിൽ വായ്പ നൽകും. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകും. സഹകരണ സംഘങ്ങൾക്ക് ഒരു ശതമാനം നിരക്കിൽ വായ്പ ലഭ്യമാകും.

പുതുതായി കെബി മൈക്രോ ഫുഡ് പ്രോസസിങ് സ്കീം നടപ്പാക്കും. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലയിലുള്ള മൈക്രോ സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിലേയ്ക്കായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് എംഎസ്എംഇ ഫിനാൻസ് പദ്ധതി, സ്കൂൾ കുട്ടികൾക്കായി രക്ഷിതാക്കൾക്ക് കൂടി പ്രയോജനപ്രദമായ സേവിങ്സ് അക്കൗണ്ട് കെ.ബി. വിദ്യാനിധി എന്നിവ വൈകാതെ ആരംഭിക്കും.

സഹകരണ മേഖല കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൂടാതെ റിസർവ് ബാങ്ക് അനുശാസിക്കുന്നത് പോലുള്ള സ്ഥിരം സംവിധാനമായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കും.

ഐടി ഇന്റഗ്രേഷനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി പർച്ചേസ് ഓർഡർ നൽകി കഴിഞ്ഞു. ലോകോത്തര നിലവാരമുള്ള ഡിജിറ്റൽ, മൊബൈൽ ബാങ്കിംഗ് സംവിധാനങ്ങൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കും. ഇന്റഗ്രേഷൻ പൂർത്തിയാകുമ്പോൾ കേരളത്തിലെ മികച്ച ബാങ്കുകളിൽ പ്രഥമ സ്ഥാനത്ത് കേരള ബാങ്കുണ്ടാകുമെന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

# മുൻഗണനാ കാർഡുകളുടെ വിതരണം ആരംഭിച്ചു

സംസ്ഥാനത്ത് അർഹതപ്പെട്ട 1.20 ലക്ഷം കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻകാർഡുകളുടെ വിതരണം ആരംഭിച്ചു. തിരുവനന്തപുരം അയ്യൻകാളി ഹാളിൽ നടന്ന ചടങ്ങിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ കാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. തിരഞ്ഞെടുത്ത അർഹതപ്പെട്ടവർക്കുള്ള കാർഡുകളും ചടങ്ങിൽ ധനമന്ത്രി കൈമാറി. നാളെ മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിലൂടെ ജനപ്രതിനിധികൾ ബാക്കി കാർഡുകൾ വിതരണം ചെയ്യുമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന ഭക്ഷ്യമന്ത്രി ജി ആർ അനിൽ അറിയിച്ചു. അനർഹർ കൈവശം വച്ചിരുന്ന 1,42,187 കാർഡുകളാണ് കഴിഞ്ഞ 22 വരെ സർക്കാരിലേക്ക് തിരികെ ലഭിച്ചത്. അതിൽ 1.20 ലക്ഷം കാർഡുകളാണ് സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹതപ്പെട്ടവർക്ക് നൽകുന്നതെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ചാണ് അവർ ഈ കാർഡുകൾ തിരികെ ഏൽപ്പിച്ചത്. ഏകദേശം ഇത്രത്തോളം അനർഹർ ഇപ്പോഴും മുൻഗണനാ കാർഡുകൾ കൈവശംവച്ചിട്ടുണ്ടെന്നാണ് വിലയിരുത്തൽ. അവർക്കെതിരെ പിഴ ചുമത്തുന്നത് അടക്കമുള്ള നിയമനടപടികൾ സർക്കാർ സ്വീകരിക്കുമെന്നും ധനമന്ത്രി പറഞ്ഞു. അനർഹർ മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുമ്പോൾ അത്രയും അർഹരായ ജനങ്ങൾക്കാണ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതെന്ന് ഓർക്കണം. അനർഹർ ലിസ്റ്റിൽ കടന്നുകൂടുന്നത് എല്ലാ മേഖലയിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഇതിന് ഉദാഹരണമാണ്. ഒരുകാലത്ത് അതിസമ്പന്നതയിൽ കഴിഞ്ഞ ബോർഡാണിത്. നിലവിൽ നാല് ലക്ഷംപേർ ബോർഡിൽനിന്നും ആനുകൂല്യം പറ്റുന്നുണ്ട്. 15 ലക്ഷം പേർ ലിസ്റ്റിൽ ഇനിയുമുണ്ട്. ഇവർകൂടി എത്തുമ്പോൾ എന്താവും അവസ്ഥയെന്ന് ചിന്തിക്കാവുന്നതാണ്. ഇപ്പോൾതന്നെ അടിയന്തര ഘട്ടങ്ങളിൽ അവർക്ക് സർക്കാരിന്റെ സഹായം ആവശ്യമായി വരുന്നുണ്ട്. ആനുകൂല്യം അനർഹമായി കൈപ്പറ്റുന്നത് സമൂഹത്തോട് ചെയ്യുന്ന തെറ്റാണെന്ന് ഇത്തരക്കാർ മനസിലാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ഇപ്പോഴുള്ള മുൻഗണനാ കാർഡുകളുടെ വിതരണം ഒക്ടോബർ 15 നകം പൂർത്തീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഭക്ഷ്യമന്ത്രി ജി. ആർ. അനിൽ പറഞ്ഞു. പൊതുചടങ്ങുകൾ സംഘടിപ്പിച്ചായിരിക്കും ഇവ വിതരണം ചെയ്യുന്നത്. ആർക്കാണ് കാർഡുകൾ നൽകുന്നതെന്ന് ജനങ്ങൾ അറിയേണ്ടതുണ്ട്. അനർഹർ വീണ്ടും കടന്നുകൂടാതിരിക്കാൻ ഇത് സഹായകമാവും. പാവപ്പെട്ടവർക്ക് ആശുപത്രികളിൽ സൗജന്യചികിത്സയടക്കം ലഭ്യമാകുന്നതിന് മുൻഗണനാ കാർഡുകൾ കിട്ടേണ്ടതുണ്ട്. അനർഹരുടെ കടന്നുവരവ് പാവപ്പെട്ടവർക്ക് ലഭിക്കേണ്ട ചികിത്സയെ പോലും പ്രതിസന്ധിയിലാക്കുന്നു. അത്തരം അവസ്ഥ ഒഴിവാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഒന്നരലക്ഷം കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് നൽകുന്നതിലൂടെ ആറ് ലക്ഷം പേർക്കാണ് ഗുണം ലഭിക്കുകയെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ഗതാഗതമന്ത്രി അഡ്വ. ആന്റണി രാജു ചൂണ്ടിക്കാട്ടി. സൗജന്യ ചികിത്സ മാത്രമല്ല, ലൈഫ് പദ്ധതിയിൽ അടക്കം ഉൾപ്പെടുന്നതിനും പാവപ്പെട്ടവർക്ക് മുൻഗണനാ കാർഡുകൾ ആവശ്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഷീലാകുമാരി, എസ്. ജനനി, ലീല, ജി. മുഹമ്മദ് ഫാത്തിമ, വി. മഞ്ജു, വാസന്തി തുടങ്ങിയവർ ധനമന്ത്രിയിൽനിന്നും മുൻഗണനാ കാർഡുകൾ ഏറ്റുവാങ്ങി. സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർ ഡോ. സജിത് ബാബു സ്വാഗതവും ജില്ലാ സപ്ലൈ ഓഫീസർ ഉണ്ണി നന്ദിയും പറഞ്ഞു.

# സ്കോളർഷിപ്പിന് അപേക്ഷിക്കാം

തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 202122 വർഷത്തെ സ്കോളർഷിപ്പിനായുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങിയതായി ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ അറിയിച്ചു. അപേക്ഷാ ഫോറം ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ നിന്നും കൈപ്പറ്റണം.

വിശദവിവരങ്ങൾക്ക് ഫോൺ: 04712325582, മൊബൈൽ: 8330010855.

# തളിര് സ്കോളർഷിപ്പ്: രജിസ്ട്രേഷൻ ഒക്ടോബർ 31 വരെ നീട്ടി

കേരള സർക്കാർ സാംസ്കാരികവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന തളിര് സ്കോളർഷിപ്പ് 202122 പദ്ധതിയുടെ രജിസ്ട്രേഷൻ ഒക്ടോബർ 31 വരെ നീട്ടി.

h-ttp-s://sc-ho-l-ar-sh-ip.k-si-c-l.k-er-a-l-a.gov.in/ എന്ന സൈറ്റുവഴി ഓൺലൈനായാണ് രജിസ്ട്രേഷൻ. 200രൂപയാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും ഒരു വർഷത്തെ തളിര് മാസിക സൗജന്യമായി ലഭിക്കും.

ജൂനിയർ (5,6,7 ക്ലാസുകൾ), സീനിയർ (8,9,10 ക്ലാസുകൾ) വിഭാഗങ്ങളിലായാണ് പരീക്ഷ നടക്കുക. പൊതുവിജ്ഞാനം, ആനുകാലികം, ബാലസാഹിത്യം, സ്കൂൾ സിലബസ്സുമായി ബന്ധപ്പെട്ട സാഹിത്യം, ചരിത്രം, തളിര് മാസിക എന്നിവയെ ആസ്പദമാക്കിയാണ് പരീക്ഷ.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരീക്ഷ നടക്കും. 2022 ജനുവരി മാസത്തിലാവും ജില്ലാതല പരീക്ഷ.

ജില്ലാതല മത്സരവിജയികൾക്ക് ഓരോ ജില്ലയിലും 60 കുട്ടികൾക്ക് 1000രൂപയുടെ സ്കോളർഷിപ്പും 100 കുട്ടികൾക്ക് 500രൂപയുടെ സ്കോളർഷിപ്പും ലഭ്യമാവും. കേരളത്തിലൊട്ടാകെ 2500ഓളം കുട്ടികൾക്കായി 16ലക്ഷം രൂപയുടെ സ്കോളർഷിപ്പുകളാണ് വിതരണം ചെയ്യുക.

സംസ്ഥാനതലത്തിൽ ഇരു വിഭാഗത്തിലും ആദ്യമെത്തുന്ന മൂന്നു സ്ഥാനക്കാർക്ക് 10000, 5000, 3000 രൂപയുടെ സ്കോളർഷിപ്പുകളും നൽകും. ഒക്ടോബർ 31 വരെ രജിസ്റ്റർ ചെയ്യാം.

കൂടുതൽ വിവരത്തിന് 8547971483, 04712333790, sc-ho-l-ar-sh-ip@k-si-c-l.or-g.

# പി.വി സിന്ധുവിനെ വിജയത്തിലേക്ക് നയിച്ച റാക്കറ്റ് സ്വന്തമാക്കാം

ന്യൂഡൽഹി : ടോക്കിയോ ഒളിമ്പിക്സ് 2020 ൽ ചരിത്രം സൃഷ്ടിച്ചതിന് ശേഷം ഇന്ത്യയുടെ എയ്സ് ഷട്ടിലർ പി.വി. സിന്ധുവിന്റെ പേര് നമ്മുടെ വീട്ടകങ്ങളിൽ വളരെ സുപരിചിതമായി മാറി. തുടർച്ചയായ ഒളിമ്പിക്സുകളിൽ മെഡൽ നേട്ടം കൈവരിക്കുന്ന ആദ്യ വനിതാ കായികതാരമാണ് അവർ. നേരത്തെ റിയോ ഒളിമ്പിക്സിൽ സിന്ധു വെള്ളി മെഡൽ നേടിയിരുന്നു. അതേ വിജയശൈലി നിലനിർത്തിക്കൊണ്ട്, സിന്ധു ടോക്കിയോ ഒളിമ്പിക്സിൽ ചൈനയുടെ ഹീ ബിങ്ജിയാവോയെ 21 13, 2115ന് തോൽപ്പിച്ച് വെങ്കല മെഡൽ നേടി.

ലോക ചാമ്പ്യൻഷിപ്പായാലും ഒളിമ്പിക്സായാലും മികച്ച പ്രകടനങ്ങളിലൂടെ സിന്ധു ഇതിനകം തന്നെ ഇന്ത്യയുടെ അഭിമാനമായി മാറിയിട്ടുണ്ട് . വിജയം ഒരു ശീലമാക്കിയിരിക്കുന്ന അവരുടെ യാത്ര ഇപ്പോഴും തുടരുകയാണ്. സിന്ധു ചരിത്രം സൃഷ്ടിച്ച ബാഡ്മിന്റൺ റാക്കറ്റിന്റെ മൂല്യം സങ്കൽപ്പിക്കുക. ഇത് അമൂല്യമാണ്, സംശയമില്ല. എന്നാൽ ആർക്കും ആ റാക്കറ്റ് സ്വന്തമാക്കാം. രാജ്യത്തിന്റെ താൽപ്പര്യാർത്ഥം സംഘടിപ്പിക്കപ്പെടുന്ന ഈ അമൂല്യമായ റാക്കറ്റിന്റെ ലേലത്തിൽ നിങ്ങൾക്കും ഭാഗമാകാം.

ഒളിമ്പിക്സ് പ്രകടനത്തിലൂടെ രാജ്യത്തെ വിസ്മയിപ്പിച്ച , സിന്ധു ഇന്ത്യയിലേക്ക് തിരിച്ചെത്തിയ ഉടൻ തന്നെ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് തന്റെ റാക്കറ്റ് സമ്മാനിച്ചു. നിങ്ങൾക്കറിയാവുന്നതുപോലെ, പ്രധാനമന്ത്രിക്ക് ലഭിച്ച സമ്മാനങ്ങളുടെ ഇലേലം ആരംഭിച്ചു. സിന്ധുവിന്റെ റാക്കറ്റും ലേലം ചെയ്യുന്ന ഇനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെപ്റ്റംബർ 17ന് ആരംഭിച്ച ഈ ഇലേലം ഒക്ടോബർ 7 വരെ തുടരും. നിങ്ങൾ ചെയ്യേണ്ടത് www.pmm-em-en-to-s.gov.in ലേക്ക് ലോഗിൻ ചെയ്ത് ഇലേലത്തിൽ പങ്കെടുക്കുക മാത്രമാണ്. സിന്ധുവിന്റെ റാക്കറ്റിന്റെ അടിസ്ഥാന വില 80 ലക്ഷം രൂപയാണ്.

പ്രധാനമന്ത്രിയ്ക്ക് ലഭിച്ച സമ്മാനങ്ങൾ മുമ്പും ലേലം ചെയ്തിരുന്നു. അത്തരമൊരു ലേലം അവസാനമായി നടന്നത് 2019 ലാണ്. ആ ലേലത്തിൽ ഗവൺമെന്റിന് 15.13 കോടി രൂപ ലഭിച്ചിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മാർഗനിർദേശപ്രകാരം ഗംഗയെ ശുദ്ധവും നിർമ്മലവുമാക്കാൻ മുഴുവൻ തുകയും 'നമാമി ഗംഗ കോശിൽ' നിക്ഷേപിച്ചു. ഇത്തവണയും ലേലത്തിലൂടെ ലഭിക്കുന്ന വരുമാനം 'നമാമി ഗംഗ കോശിലേക്ക്' കൈമാറും.

# രാജസ്ഥാനിലെ ജയ്പൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോ കെമിക്കൽസ് ടെക്നോളജി, പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി : ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽസ് ടെക്നോളജി, സിഐപിഇടി, രാജസ്ഥാനിലെ ജയ്പൂരിൽ വീഡിയോ കോൺഫറൻസിലൂടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. രാജസ്ഥാനിലെ ബൻസ്വാര, സിരോഹി, ഹനുമാൻഗഡ്, ദൗസ ജില്ലകളിലെ നാല് പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു. 4 പുതിയ മെഡിക്കൽ കോളേജുകൾക്കും സിപെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും രാജസ്ഥാനിലെ ജനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. 2014 ന് ശേഷം 23 മെഡിക്കൽ കോളേജുകൾ രാജസ്ഥാനിലേക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചതായും 7 മെഡിക്കൽ കോളേജുകൾ ഇതിനകം പ്രവർത്തനക്ഷമമായതായും അദ്ദേഹം അറിയിച്ചു.

100 വർഷത്തെ ഏറ്റവും വലിയ പകർച്ചവ്യാധി ലോകത്തിലെ ആരോഗ്യമേഖലയെ ഒരു പാഠം പഠിപ്പിച്ചതായി സമ്മേളനത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി പറഞ്ഞു. എല്ലാ രാജ്യങ്ങളും ഈ പ്രതിസന്ധിയെ തങ്ങളുടേതായ രീതിയിൽ കൈകാര്യം ചെയ്യുന്നു. ഈ ദുരന്തത്തിൽ സ്വന്തം ശക്തിയും സ്വാശ്രയത്വവും വർദ്ധിപ്പിക്കാനാണ് ഇന്ത്യ ദൃഢനിശ്ചയം ചെയ്തത്.

കൃഷി ഒരു സംസ്ഥാന വിഷയമാണെങ്കിലും, ഗുജറാത്ത് മുഖ്യമന്ത്രിയെന്ന നിലയിൽ പ്രവർത്തിച്ചതുകൊണ്ട്, രാജ്യത്തിന്റെ ആരോഗ്യമേഖലയിലെ പോരായ്മകൾ മനസ്സിലാക്കാൻ കഴിഞ്ഞു. പ്രധാനമന്ത്രി എന്ന നിലയിൽ, അവ നീക്കം ചെയ്യാനുള്ള നിരന്തരമായ ശ്രമങ്ങൾ നടത്തിയതായി അദ്ദേഹം പറഞ്ഞു, "രാജ്യത്തിന്റെ ആരോഗ്യ മേഖലയെ മാറ്റുന്നതിനായി ഞങ്ങൾ ഒരു ദേശീയ സമീപനത്തിലും ദേശീയ ആരോഗ്യ നയത്തിലും പ്രവർത്തിച്ചിട്ടുണ്ട്. ശുചിത്വ ഭാരത് അഭിയാൻ മുതൽ ആയുഷ്മാൻ ഭാരത്, ഇപ്പോൾ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ വരെ അത്തരം നിരവധി ശ്രമങ്ങൾ ഈ സമീപനത്തിന്റെ ഭാഗമാണ്, പ്രധാനമന്ത്രി പറഞ്ഞു. ആയുഷ്മാൻ ഭാരത് യോജന പ്രകാരം രാജസ്ഥാനിലെ മൂന്നര ലക്ഷത്തോളം പേർക്ക് സൗജന്യ ചികിത്സ ലഭിക്കുകയും സംസ്ഥാനം രണ്ടായിരത്തി അഞ്ഞൂറോളം ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

മെഡിക്കൽ കോളേജുകളോ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളോ പോലും തങ്ങളുടെ ശൃംഖല രാജ്യത്തിന്റെ മുക്കിലും മൂലയിലും അതിവേഗം വ്യാപിപ്പിക്കേണ്ടത് പ്രധാനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 'ഇന്ത്യ 6 എയിംസിൽ നിന്ന് 22 ൽ അധികം എയിംസിന്റെ ശക്തമായ ശൃംഖലയിലേക്ക് നീങ്ങുകയാണെന്ന് ഇന്ന് നമുക്ക് സംതൃപ്തിയോടെ പറയാൻ കഴിയും,' അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ 67 വർഷത്തിനിടെ 170ലധികം പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചതായും നൂറിലധികം പുതിയ മെഡിക്കൽ കോളേജുകളുമായി ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. 2014 ൽ രാജ്യത്തെ മെഡിക്കൽ ബിരുദ, ബിരുദാനന്തര സീറ്റുകൾ ഏകദേശം 82000 ആയിരുന്നു. ഇന്ന് അവ 140,000 ആയി ഉയർന്നു. നിയന്ത്രണ, ഭരണനിർവ്വഹണ മേഖലയിലും, ദേശീയ മെഡിക്കൽ കമ്മീഷന്റെ വരവോടെ, കഴിഞ്ഞ കാലത്തെ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടതായി പ്രധാനമന്ത്രി പറഞ്ഞു.

ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ മനുഷ്യശക്തി ഫലപ്രദമായ ആരോഗ്യ സേവനങ്ങളിൽ നേരിട്ട് സ്വാധീനം ചെലുത്തുന്നുവെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു. കൊറോണ കാലഘട്ടത്തിൽ ഇത് തീവ്രമായി അനുഭവപ്പെട്ടു. കേന്ദ്ര ഗവൺമെന്റിന്റെ സൗജന്യ വാക്സിൻ, എല്ലാവർക്കും വാക്സിൻ' പ്രചാരണ പരിപാടിയുടെ വിജയം ഇതിന്റെ പ്രതിഫലനമാണ്. ഇതുവരെ രാജ്യത്ത് 88 കോടിയിലധികം ഡോസ് കൊറോണ വാക്സിൻ നൽകിയതായി പ്രധാനമന്ത്രി പറഞ്ഞു.

സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവത്തിന്റെ ഈ സമയത്ത്, ഉയർന്ന വൈദഗ്ദ്ധ്യം ഇന്ത്യയെ ശക്തിപ്പെടുത്തുക മാത്രമല്ല, സ്വാശ്രിത ഇന്ത്യ എന്ന നിശ്ചയദാർഢ്യം കൈവരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. പെട്രോ കെമിക്കൽ വ്യവസായം പോലെ അതിവേഗം വളരുന്ന വ്യവസായങ്ങളിലൊന്നിന് നൈപുണ്യമുള്ള മനുഷ്യശക്തി ആവശ്യമാണ്. പുതിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽ ടെക്നോളജി ലക്ഷക്കണക്കിന് യുവാക്കളെ പുതിയ സാധ്യതകളുമായി ബന്ധിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി ആയിരുന്ന കാലയളവിൽ, ഊർജ്ജ സർവകലാശാലയായ പണ്ഡിറ്റ് ദീൻദയാൽ പെട്രോളിയം യൂണിവേഴ്സിറ്റി, സംസ്ഥാനത്ത് സ്ഥാപിക്കാനും പരിപോഷിപ്പിക്കാനും നടത്തിയ ശ്രമങ്ങളും അദ്ദേഹം അനുസ്മരിച്ചു. ഇത്തരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ശുദ്ധമായ ഊർജ്ജ കണ്ടുപിടിത്തങ്ങൾക്ക് യുവാക്കൾക്കു സംഭാവന നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

ബാർമറിലെ രാജസ്ഥാൻ റിഫൈനറി പദ്ധതി 70,000 കോടിയിലധികം രൂപ നിക്ഷേപത്തോടെ അതിവേഗം പുരോഗമിക്കുകയാണെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. സംസ്ഥാനത്തെ സിറ്റി ഗ്യാസ് വിതരണത്തെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, 2014 വരെ സംസ്ഥാനത്തെ ഒരു നഗരത്തിന് മാത്രമേ സിറ്റി ഗ്യാസ് വിതരണത്തിന് അനുമതി ഉണ്ടായിരുന്നുള്ളൂ എന്നു ചൂണ്ടിക്കാട്ടി. ഇപ്പോൾ സംസ്ഥാനത്തെ 17 ജില്ലകൾക്ക് സിറ്റി ഗ്യാസ് വിതരണ ശൃംഖലയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. വരും വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൈപ്പ്ഡ് ഗ്യാസ് ശൃംഖല ഉണ്ടാകും. ശുചിമുറികൾ, വൈദ്യുതി, ഗ്യാസ് കണക്ഷനുകൾ എന്നിവയുടെ ആവിർഭാവത്തിലൂടെ ജീവിതം എളുപ്പമാക്കിയതും അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് 21 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ജൽ ജീവൻ മിഷൻ വഴി പൈപ്പ് വെള്ളം ലഭിക്കുന്നുണ്ട്. രാജസ്ഥാന്റെ വികസനം, ഇന്ത്യയുടെ വികസനം ത്വരിതപ്പെടുത്തുന്നുവെന്ന് പറഞ്ഞ അദ്ദേഹം പാവപ്പെട്ട കുടുംബങ്ങൾക്കായി രാജസ്ഥാനിൽ 13 ലക്ഷത്തിലധികം ഉറപ്പുള്ള വീടുകൾ നിർമ്മിച്ചതായി ചൂണ്ടിക്കാട്ടി.

## പാസിംഗ് ഔട്ട് പരേഡ് ഇന്ന്

എം.എസ്.പി. ബറ്റാലിയനിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ 447 സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡ് മലപ്പുറം എം.എസ്.പി. ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ 30ന് നടക്കും. രാവിലെ 08.25ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ അഭിവാദ്യം സ്വീകരിക്കും. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി. പത്മകുമാർ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ട്രെയിനിംഗ് & ഡയറക്ടർ ഐ.ജി. പി.വിജയൻ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഡി.ഐ.ജി. പി.പ്രകാശ് എന്നിവർ ഓൺലൈനിലും എം.എസ്.പി കമാൻഡന്റ് സുജിത്ത് ദാസ് നേരിട്ടും സേനാംഗങ്ങളുടെ സല്യൂട്ട് സ്വീകരിക്കും.

447 സേനാംഗങ്ങൾ 14 പ്ലട്ടൂണുകളിലായി എം.എസ്.പി. പരേഡ് ഗ്രൗണ്ടിൽ അണിനിരക്കും. അജിൻ.കെ ആണ് പരേഡിനെ നയിക്കുന്നത്. സെക്കന്റ് ഇൻ കമാൻഡർ ബിബിൻ.എം ആണ്. സേനാംഗങ്ങളിൽ 34 ബിരുദാനന്തര ബിരുദധാരികളുണ്ട്. 3 എംടെക്, 6 എം.ബി.എ, 66 ബിടെക്, 220 ബിരുദ യോഗ്യതയുള്ളവരുമുണ്ട്.

പതിവ് പരിശീലനത്തിന് പുറമെ കാലഘട്ടത്തിന്റെ ആവശ്യമായ അത്യാഹിതങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നീ അവസരങ്ങളിൽ ചെയ്യേണ്ട പോലീസ് ഡ്യൂട്ടിയെ കുറിച്ചുള്ള അവബോധവും സേനാംഗങ്ങൾ നേടി. പരിശീലന കാലയളവിൽ വിവിധ വിഭാഗങ്ങളിൽ മികവ് പുലർത്തിയ സേനാംഗങ്ങൾക്കുള്ള ട്രോഫികൾ എം.എസ്.പി. കമാൻഡന്റ് വിതരണം ചെയ്യും.

## സ്ക്വാഡ് പരിശോധന : ഏഴ് കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ ഏഴ് കേസുകൾക്ക് പിഴ ചുമത്തി.

കുന്നത്തൂരിൽ 46 കേസുകൾക്ക് താക്കീത് നൽകി. മൂന്നു കേസുകളിൽ പിഴയീടാക്കി.

കരുനാഗപ്പള്ളി, ആലപ്പാട്, കെ.എസ്. പുരം, നീണ്ടകര, തഴവ, തൊടിയൂർ എന്നിവിടങ്ങളിൽ രണ്ട് സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി. 102 എണ്ണത്തിന് താക്കീത് നൽകി.

കൊട്ടാരക്കര,ചിതറ, കരീപ്ര, എഴുകോൺ, ഇട്ടിവ,ഉമ്മന്നൂർ, വെളിനല്ലൂർ, നെടുവത്തൂർ, മൈലം എന്നിവിടങ്ങളിൽ രണ്ട് കേസുകളിൽ പിഴ ഈടാക്കി. 114 എണ്ണത്തിൽ താക്കീത് നൽകി.

കൊല്ലം കോർപ്പറേഷൻ, തൃക്കരുവ ഭാഗങ്ങളിൽ 32 കേസുകൾക്ക് താക്കീത് നൽകി.

പുനലൂർ താലൂക്കിലെ കരവാളൂർ,അഞ്ചൽ എന്നിവിടങ്ങളിൽ 11 കേസുകളിൽ താക്കീത് നൽകി.

പത്തനാപുരം താലൂക്കിലെ വിളക്കുടി പിറവന്തൂർ എന്നിവിടങ്ങളിൽ എട്ട് കേസുകളിൽ താക്കീത് നൽകി.

# ആസാദി കാ അമൃത് മഹോത്സവ്: സി ഐ എസ് എഫ് സൈക്കിൾ റാലി കേരള ഗവർണർ ഫ്ളാഗ് ഓഫ് ചെയ്തു

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ ആഘോഷിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര വ്യവസായ സംരക്ഷണ സേന (സിഐഎസ്എഫ്) സംഘടിപ്പിച്ച സൈക്കിൾ റാലി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തിരുവനന്തപുരത്ത് രാജ്ഭവനിൽ ഫ്ളാഗ് ഓഫ് ചെയ്തു. ചീഫ് സെക്രട്ടറി വി പി ജോയ്, ഡിജിപി അനിൽ കാന്ത്, സിഐഎസ്എഫ് സൗത്ത് സെക്ടർ ഇൻസ്പെക്ടർ ജനറൽ അഞ്ജന സിൻഹ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

സൈക്കിൾ റാലി അടുത്ത മാസം 26 ന് കെവാഡിയയിലെ (ഗുജറാത്ത്) ഏകതാ പ്രതിമയിൽ സമാപിക്കും. സിഐഎസ്എഫിന്റെ ദക്ഷിണമേഖലയിൽ നിന്നുള്ള 15 ഉദ്യോഗസ്ഥരും ജവാൻമാരും ഈ ദിവസങ്ങളിൽ മൊത്തം 2045 കിലോമീറ്റർ ദൂരം റാലിയിൽ സഞ്ചരിക്കും.

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചരിത്രപരമായ സ്ഥലങ്ങളിലൂടെയായിയിരിക്കും റാലി കടന്ന് പോവുക. കേരളത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കൊച്ചി, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങൾ സന്ദർശിച്ചതിന് ശേഷം കർണാടക, ഗോവ, മഹാരാഷ്ട്ര,ഗുജറാത്ത്, എന്നീ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ ദാമനും റാലി സന്ദർശിക്കും.

മഹാമാരിയുടെ സാഹചര്യം കാണക്കിലെടുത്ത് കോവിഡ് 19 പ്രോട്ടോക്കോൾ കർശനമായി പാലിച്ചാണ് റാലി സംഘടിപ്പിച്ചിട്ടുള്ളത്.

സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യ ലോകത്തിന് കാട്ടിക്കൊടുത്ത സാമൂഹിക ഐക്യത്തിന്റെയും മഹത്തായ പൈതൃകത്തിന്റെയും മൂല്യങ്ങളുടെയും പ്രാധാന്യം വിളംബരം ചെയ്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സിഐഎസ്എഫ് നടത്തുന്ന 10 സമാന റാലികളുടെ ഭാഗമാണ് ഇത്.

# മുന്നാക്ക സമുദായ കമ്മീഷൻ ഹിയറിംഗ്

മുന്നാക്ക സമുദായ കമ്മീഷൻ സംസ്ഥാനതല ഹിയറിംഗ് ഒക്ടോബർ ഏഴിന് രാവിലെ 11ന് തിരുവനന്തപുരം തൈക്കാട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ നടക്കും. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിച്ച്, ഗവേഷണം, വിശകലനം എന്നിവ നടത്തിയ ശേഷം അവർക്കായുള്ള ക്ഷേമകാര്യങ്ങൾ സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിന്റേയും വിപുലമായ വിവരശേഖരണത്തിന്റെയും ഭാഗമാണ് ഈ ഹിയറിംഗ്. ബന്ധപ്പെട്ട സംഘടനകളുടെ സംസ്ഥാനതല ഭാരവാഹികൾ (ഒരു സംഘടനയിൽ നിന്നും പരമാവധി രണ്ട് പേർക്ക്) ഹിയറിംഗിൽ പങ്കെടുത്ത് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാമെന്ന് ചെയർമാൻ അറിയിച്ചു.

ജില്ലാതല സംഘടനാ ഭാരവാഹികളെയും ബന്ധപ്പെട്ട വ്യക്തികളെയും കേൾക്കുന്നതിനും അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ശേഖരിക്കുന്നതിനുമായി മേഖലാതല ഹിയറിംഗുകൾ പാലക്കാട്, കോട്ടയം, കൊല്ലം, കാസറഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ യഥാക്രമം 2021 ഒക്ടോബർ 20, 21, 22, 26, 27 തീയതികളിൽ നടത്തും. സംസ്ഥാനതല യോഗത്തിൽ പങ്കെടുക്കാൻ അസൗകര്യമുള്ള സംഘടനകൾ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന യോഗത്തിൽ പങ്കെടുത്താലും മതിയെന്ന് രജിസ്ട്രാർ അറിയിച്ചു.

# താത്ക്കാലിക നിയമനം

ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിൽ ജീവനി മെന്റൽ ഹെൽത്ത് അവെർനസ്സ് പ്രോഗാം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു സൈക്കോളജി അപ്രന്റീസിനെ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കും. പ്രതിമാസം 17,600 രൂപ വേതനം. റഗുലർ പഠനത്തിലൂടെ സൈക്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ളതും ക്ലിനിക്കൽ സൈക്കോളജി പ്രവർത്തിപരിചയം എന്നിവയുള്ളവരുമായ താത്പര്യമുള്ള ഉദ്യോദാർത്ഥികൾ ഒക്ടോബർ 5 ന് മുൻപ് ൣശിരശുമഹൈഴോര@ഴാമശ ഹ.രീാ ലേക്ക് വിദ്യാഭ്യാസ യോഗ്യതകൾ, മാർക്ക് ലിസ്റ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ മുതലായവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അയയ്ക്കണം. ഉദ്യോഗാർത്ഥികളുടെ മൊബൈൽ നമ്പർ ഇമെയിൽ വിലാസം എന്നിവയും ഉൾപ്പെടുത്തണം. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ അഭിമുഖം നടത്തും. അഭിമുഖത്തിന്റെ തീയതിയും സമയവും ഉദ്യോഗാർത്ഥികളെ അറിയിക്കും.

# ഒൻപത് പോലീസ് സൂപ്രണ്ടുമാർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഐപിഎസ് പദവി അനുവദിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ മുതിർന്ന ഒൻപത് പോലീസ് സൂപ്രണ്ടുമാർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഐപിഎസ് പദവി അനുവദിച്ചു.

എസ്പിമാരായ എ.ആർ.പ്രേംകുമാർ, ഡി.മോഹനൻ, അമോസ് മാമ്മൻ, എ.പി.ഷൗക്കത്തലി, കെ.വി.സന്തോഷ്, വി.യു.കുര്യാക്കോസ്, എസ്.ശശിധരൻ, പി.എൻ.രമേശ് കുമാർ, എം.എൽ.സുനിൽ എന്നിവർക്കാണ് ഐപിഎസ് ലഭിച്ചത്. കെ.ജയകുമാർ, ടി.രാമചന്ദ്രൻ എന്നിവർ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടെങ്കിലും അന്തിമപട്ടികയിൽ ഒഴിവാക്കപ്പെട്ടു. ഇതിൽ ജയകുമാറിന് സംസ്ഥാനം ഇൻറഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഐപിഎസ് ലഭിച്ചവരിൽ എ.ആർ.പ്രേംകുമാർ, ഡി.മോഹനൻ, അമോസ് മാമ്മൻ എന്നിവർ വിരമിച്ചവരാണ്.

ഐപിഎസ് ലഭിച്ചതോടെ ഇവർക്ക് 60 വയസുവരെ സർവീസിൽ തുടരാം. പ്രേംകുമാറിന് അടുത്ത ജൂൺ വരെയും മോഹനന് അടുത്ത മേയ് വരെയുമേ സർവീസുള്ളൂ. 2018 മുതൽ മൂന്നു വർഷത്തേക്ക് 33 ഒഴിവുകളുണ്ടായിരുന്നെങ്കിലും 2018ലെ ഒഴിവുകളിലേക്കുള്ള പട്ടിക മാത്രമാണ് യുപിഎസ്സി പരിഗണിച്ചത്.

ടി.പി ചന്ദ്രശേഖരൻ വധക്കേസ് അന്വേഷിച്ച ഉദ്യോഗസ്ഥരിൽ രണ്ടു പേർക്ക് കേന്ദ്രം ഐപിഎസ് നൽകി. എ.പി ഷൗക്കത്തലിയും കെ.വി. സന്തോഷുമാണിവർ. ഇതിൽ ഷൗക്കത്തലി നിലവിൽ എൻഐഎയിൽ ഡപ്യൂട്ടേഷനിലും സന്തോഷ് സംസ്ഥാന ക്രൈംബ്രാഞ്ചിലുമാണ്.

# പട്ടികജാതിക്കാർക്ക് സൈബർശ്രീ സിഡിറ്റിൽ സൗജന്യ പരിശീലനം

ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടിയുള്ള മത്സരപരീക്ഷകളിൽ വിദ്യാർത്ഥികളെ മാനസികമായി ശക്തിപ്പെടുത്തുന്നതിനോടൊപ്പം വ്യക്തിത്വ വികസനം, കമ്മ്യൂണിക്കേഷൻ, സാമൂഹിക പരിജ്ഞാനം, കരിയർ വികസനം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു. മൂന്നു മാസത്തെ സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 1000 രൂപ സ്റ്റൈപെന്റായി ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം/ 3 വർഷ ഡിപ്ലോമ/ എൻജിനിയറിംഗ് എന്നിവയിലൊന്ന് പാസായവർക്കും കോഴ്സ് പൂർത്തീകരിച്ചവർക്കും അവസരം ലഭിക്കും. പ്രായ പരിധി 18 നും 26 നും മദ്ധ്യേ.

അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സൈബർശ്രീ സെന്റർ, സിഡിറ്റ്, അംബേദ്കർ ഭവൻ, മണ്ണന്തല പി ഒ, തിരുവനന്തപുരം 695015 എന്ന വിലാസത്തിലോ ര്യയലൃൈശരറശ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ ഒക്ടോബർ എട്ടിന് മുൻപ് അയയ്ക്കണം. അപേക്ഷകൾ www.cy-b-e-srr-i.or-g എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ 04712933944, 9947692219, 9447401523.

# വനിതാ കമ്മീഷൻ മെഗാ അദാലത്ത്

സംസ്ഥാന വനിതാ കമ്മീഷൻ ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ സംഘടിപ്പിച്ച മെഗാ അദാലത്തിൽ 17 പരാതികൾ തീർപ്പാക്കി. മൂന്ന് പരാതികളിൽ പോലീസ് റിപ്പോർട്ട് തേടും. ഒരു കേസിൽ ഡി.എൻ.എ പരിശോധനയും നിർദ്ദേശിച്ചു. എതിർകക്ഷികൾ ഹാജരാകാത്തത് ഉൾപ്പെടെയുള്ള കാരണങ്ങളാൽ 79 പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റി. 100 പരാതികളാണ് പരിഗണിച്ചത്.

വയോജനങ്ങളായ മാതാപിതാക്കളുടെ സ്വത്ത് എഴുതി വാങ്ങിയ ശേഷം ഉപേക്ഷിക്കുന്ന പ്രവണത കൂടുന്നതായി കമ്മീഷൻ നിരീക്ഷിച്ചു. മാതാപിതാക്കളെ ഒറ്റപ്പെടുത്തുന്ന മക്കൾക്കെതിരെ നിയമം കൂടുതൽ കടുപ്പിക്കേണ്ടതുണ്ട് എന്ന് അംഗങ്ങൾ വിലയിരുത്തി.

കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ വന്ന സാഹചര്യത്തിൽ നേരിട്ടും പരാതികൾ പരിഗണിച്ചു. അതിവേഗം കേസുകൾ തീർപ്പാക്കുന്നതിന് ശ്രമം നടത്തുകയാണെന്ന് വനിതാ കമ്മീഷൻ അംഗം ഷാഹിദ കമാൽ പറഞ്ഞു.

ഗാർഹിക പീഡനങ്ങളുമായി ബന്ധപ്പെട്ട പരാതികളും, വസ്തുഅതിരു തർക്കങ്ങളും, സിവിൽക്രിമിനൽ പരാതികളും ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളും അദാലത്തിലെത്തി. സർക്കാരിന്റെ നാലാമത്തെ സിറ്റിംഗ് നാളെ നടക്കും. വനിതാ കമ്മീഷൻ അംഗം എം. എസ്. താര, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുടുംബശ്രീയുടെ ന്യൂജെൻ സംവിധാനം കേരളത്തിൽ ശക്തമായ സാമൂഹ്യ മുന്നേറ്റമാകും: മന്ത്രി

തിരുവനന്തപുരം: കുടുംബശ്രീയുടെ ന്യൂജെൻ സംവിധാനമെന്ന നിലയ്ക്ക് ഒക്ടോബർ രണ്ടു മുതൽ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും രൂപീകരിക്കുന്ന ഓക്സിലറി ഗ്രൂപ്പുകൾ കേരളത്തിൽ ശക്തമായ സാമൂഹ്യ മുന്നേറ്റമായി മാറുമെന്ന് തദ്ദേശസ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഗ്രൂപ്പ് രൂപീകരണത്തിന് മുന്നോടിയായി ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, മിഷൻ ജീവനക്കാർ, കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹികൾ, കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർ എന്നിവരുമായി ഓൺലൈനായി സംവദിക്കുകയായിരുന്നു അദ്ദേഹം.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലില്ലായ്മ കൂടുതലാണ്. തൊഴിൽരഹിതരായ യുവതികളുടെ പട്ടികയിൽ ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകളുമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്രാദേശികതലത്തിൽ കാർഷിക വ്യാവസായിക സേവന മേഖലകളിലെ വിഭവ സാധ്യതകൾ മനസ്സിലാക്കി അതിനനുസൃതമായ തൊഴിൽ രംഗങ്ങളിലേക്ക് കടന്നു ചെല്ലാൻ വനിതകളെ സഹായിക്കുകയാണ് ഓക്സിലറി ഗ്രൂപ്പുകളിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് നൈപുണ്യ വികസന പരിശീലനവും സംരംഭകത്വ വികസന പരിശീലനങ്ങളും നൽകി കുടുംബശ്രീയുടെ യുവതലമുറ ഉൾപ്പെടുന്ന സംവിധാനത്തെ ശക്തമാക്കും. വിവിധ വകുപ്പുകളുമായും നൈപുണ്യപരിശീലന കേന്ദ്രങ്ങളുമായും സംയോജിച്ചു കൊണ്ടായിരിക്കും ഇത്. വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുമായി ചേർന്നുകൊണ്ട് സ്ത്രീധന ഗാർഹിക പീഡനം, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രതിരോധിക്കുന്ന കരുത്തുറ്റ പ്രാദേശിക സംവിധാനങ്ങളായി ഓക്സിലറി ഗ്രൂപ്പുകളും മാറ്റും. കൂട്ടായ്മയുടെ പിൻബലം കൈവരിക്കുന്നതു വഴി ഓക്സിലറി ഗ്രൂപ്പുകൾ എന്ന ആശയം വലിയൊരു ഭൗതിക ശക്തിയായി മാറുമെന്നും പുരുഷാധിപത്യ സമൂഹത്തിലെ ജീർണതകൾ മാറ്റിക്കൊണ്ട് കൂടുതൽ ആർജ്ജവത്തോടെ മുന്നേറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

കുടുംബശ്രീയുടെ കീഴിൽ യുവതികൾക്കു കൂടി പ്രസക്തമാകുന്ന വിധത്തിൽ രൂപീകരിക്കുന്ന ഓക്സിലറി ഗ്രൂപ്പുകൾ മുഖേന സ്ത്രീകൾക്ക് പ്രാദേശികതലത്തിൽ കൂടുതൽ ക്രിയാത്മകവും വൈവിധ്യവുമായ ഇടപെടലുകൾക്ക് അവസരം ലഭ്യമാകുമെന്നും, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമായി ഈ ഗ്രൂപ്പുകൾക്ക് മാറാൻ കഴിയണമന്നും ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാമുരളീധരൻ പറഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ സ്വാഗതം പറഞ്ഞു. തിരുവനന്തപുരം നഗരസഭാ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി അധ്യക്ഷൻ സലിം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് കെ.എം ഉഷ, കില ഡയറക്ടർ ജോയ് ഇളമൺ എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ അനു. ആർ.എസ് നന്ദി പറഞ്ഞു.

# കൊവിഡ് 19 മൊബൈൽ വാക്സിനേഷൻ സെന്റർ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

പി.എൻ. പണിക്കർ ഫൗണ്ടേഷന്റെ മൊബൈൽ സയൻസ് എക്സ്പ്ലോറേറ്ററി ബസ് മൊബൈൽ കൊവിഡ് 19 വാക്സിനേഷൻ സെന്ററായി ഉപയോഗിക്കുന്നതിന് ആറ് മാസത്തേക്ക് സർക്കാരിന് സൗജന്യമായി നൽകി. ഇതിന്റെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ ഒരു സംഘം ബസിൽ സഞ്ചരിച്ച് വാക്സിനേഷൻ ലഭ്യമാക്കും.

55 ലക്ഷം രൂപയോളം ചെലവ് ചെയ്താണ് പി.എൻ. പണിക്കർ ഫൗണ്ടേഷൻ എ.സി ബസ് ഒരുക്കിയത്. വാസ്കിനേഷൻ കഴിഞ്ഞവർക്ക് ബസിന്റെ വശങ്ങളിൽ ഇരുന്ന് വിശ്രമിക്കാനുള്ള സൗകര്യമുണ്ട്. അവരെ ബോധവൽക്കരിക്കുവാനുള്ള വിവിധ ഓഡിയോ വിഷ്വൽ ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുണ്ട്. വാക്സിൻ എടുക്കുവാൻ വരുന്നവർക്ക് വായിക്കുവാൻ പുസ്തക കോർണറും സജ്ജീകരിച്ചിട്ടുണ്ട്. ടെലി മെഡിസിനെക്കുറിച്ച് വിവരങ്ങളറിയുവാനുള്ള സംവിധാനവും ലഭ്യമാണ്. ബസിൽ ഘടിപ്പിച്ചിരിക്കുന്ന ഡിജിറ്റൽ ലൈബ്രറി സംവിധാനത്തിലൂടെ എട്ട് കോടിയിൽ പ്പരം പുസ്തകങ്ങൾ വാക്സിൻ എടുക്കുവാൻ വരുന്നവർക്ക് വായിക്കാനാവും.

## ഗാന്ധിജയന്തി 2021

ഇക്കൊല്ലത്തെ ഗാന്ധിജയന്തി ആഘോഷം കൊല്ലം ബീച്ചിലെ ഗാന്ധിപാർക്കിൽ ഒക്ടോബർ രണ്ടിന് രാവിലെ എട്ടിന് ധനകാര്യ മന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മഹാത്മാഗാന്ധി പ്രതിമയിൽ ഹാരാർപണം, പുഷ്പാർച്ചന, രാഷ്ട്രത്തിന്റെ അഖണ്ഡതയും ദേശീയോദ്ഗ്രഥനവും മതമൈത്രിയും ശക്തിപ്പെടുത്തുന്നതിനുള്ള ദൃഢപ്രതിജ്ഞ എന്നിവയാണ് പരിപാടികൾ.

മേയർ പ്രസന്ന ഏണസ്റ്റിന്റെ അധ്യക്ഷതയിൽ ചേരുന്ന ഗാന്ധിസ്മൃതി സമ്മേളനത്തിൽ എം. പി. മാരായ എൻ. കെ. പ്രേമചന്ദ്രൻ, കെ. സോമപ്രസാദ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. എം. മുകേഷ് എം. എൽ. എ ഗാന്ധിജയന്തി സന്ദേശം നൽകും. എം. നൗഷാദ് എം. എൽ. എ ഗാന്ധിസ്മൃതി പ്രഭാഷണം നടത്തും. ജില്ലാ കലക്ടർ അഫ്സാന പർവീൺ സാഗതം പറയും. ഡെപ്യൂട്ടി മേയർ കൊല്ലം മധു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ എന്നിവർ ആശംസ നേരും.

ഡോ. പെട്രീഷ്യ ജോൺ സർവമത പ്രാർത്ഥന നടത്തും. ഗാന്ധി പീസ് ഫൗണ്ടേഷൻ സെക്രട്ടറി ജി. ആർ. കൃഷ്ണ കുമാർ ദേശീയോദ്ഗ്രഥന പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. ജില്ലാ ഇൻഫർമേഷൻ ഓഫീസർ എസ്. എസ്. അരുൺ നന്ദി പറയും. വിശിഷ്ടാതിഥികൾ ചേർന്ന് ഗാന്ധി പ്രതിമയിൽ ഹാരാർപ്പണം നടത്തും.

## എക്സ്പോർട്ട് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ ലിമിറ്റഡിനെ

ന്യൂഡൽഹി : 2018 ലെ സെബി നിയന്ത്രണ ചട്ടങ്ങൾ പ്രകാരം പ്രാരംഭ പബ്ലിക് ഓഫർ (ഐപിഒ) വഴി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കയറ്റുമതി ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ ലിമിറ്റഡ്. (ഇസിജിസി), സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുന്നതിന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി അനുമതി നൽകി. കയറ്റുമതിക്ക് ക്രെഡിറ്റ് റിസ്ക് ഇൻഷുറൻസും അനുബന്ധ സേവനങ്ങളും നൽകിക്കൊണ്ട് കയറ്റുമതിയുടെ മത്സരശേഷി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ ഒരു സമ്പൂർണ്ണ കേന്ദ്ര ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് ഇസിജിസി ലിമിറ്റഡ്. ഇസിജിസി ലിമിറ്റഡിന്റെ നിർദ്ദിഷ്ട ലിസ്റ്റിംഗ്, കമ്പനിയുടെ യഥാർത്ഥ മൂല്യം വർധിപ്പിക്കുകയും കമ്പനിയുടെ ഇഓഹരി ഉടമസ്ഥതയിൽ പൊതുജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും 'സുതാര്യതയിലൂടെയും കൂടുതൽ ഉത്തരവാദിത്തത്തോടെയും കോർപ്പറേറ്റ് ഭരണത്തെ പ്രോത്സാഹിപ്പിക്കുകയും' ജനങ്ങളുടെ ഉടമസ്ഥാവകാശം കൂട്ടുകയും ചെയ്യും. ലിസ്റ്റിംഗ് മുഖേന ഇ സി ജി സി യെ വിപണിയിൽ നിന്ന് പുതിയ മൂലധനം സമാഹരിക്കുന്നതിന് ഒരേ ഐ പി ഓ വഴിയോ അല്ലെങ്കിൽ ഒരു ഫോളോഓൺ പബ്ലിക് ഓഫർ മുഖേനയോ സമാഹരിക്കാനും അതുവഴി പരമാവധി ബാധ്യതാ പരിരക്ഷ വർദ്ധിപ്പിക്കാനും സഹായിക്കും.

ഓഹരി വിറ്റഴിക്കൽ വരുമാനം സാമൂഹിക മേഖലയിലെ പദ്ധതികൾക്ക് ധനസഹായത്തിന് വിനിയോഗിക്കും.

## എം. ബി. എ. ഓൺലൈൻ ഇന്റർവ്യൂ

സഹകരണ വകുപ്പിനു കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർഡാമിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾ ടൈം) ഒക്ടോബർ ഒന്നിന് രാവിലെ 10 മുതൽ 12 വരെ ഓൺലൈനായി ഇന്റർവ്യൂ നടത്തും.

ഡിഗ്രിക്ക് 50ശതമാനം മാർക്കും, കെമാറ്റ് (ഗങഅഠ), സിമാറ്റ് അല്ലെങ്കിൽ ക്യാറ്റ് (ഇങഅഠ/ഇഅഠ) യോഗ്യത നേടിയിട്ടുള്ളവർക്കും ഓൺലൈൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. സഹകരണ ജീവനക്കാരുടെ ആശ്രിതർക്ക് 20 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ഡിഗ്രി അവസാന വർഷ ഫലം കാത്തിരിക്കുന്നവർക്കും നിബന്ധനകൾക്ക് വിധേയമായി ഇന്റർവ്യൂവിൽ പങ്കെടുക്കാം. അപേക്ഷർ ഇന്റർവ്യൂ അറ്റൻഡ് ചെയ്യേണ്ട ലിങ്ക്: ാ-e-e-t.goo-g-l-e.com/tey-j-a-fv-p-gm.

## സർവ വിജ്ഞാനകോശം പുസ്തക പ്രദർശനം

സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സർവ വിജ്ഞാനകോശം പുസ്തക പ്രദർശനം സംഘടിപ്പിക്കുന്നു. ഒക്ടോബർ ഒന്ന് മുതൽ എട്ട് വരെ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്ന ജവഹർ സഹകരണ ഭവനിലാണ് പ്രദർശനം. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വാല്യങ്ങൾക്ക് 50 ശതമാനംവരെ ഡിസ്കൗണ്ട് ലഭിക്കും.

## എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരന്റി സ്കീം വിപുലീകരിക്കുകയും കാലാവധി 31.03.2022 വരെ നീട്ടുകയും ചെയ്തു

ന്യൂഡൽഹി : എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരന്റി സ്കീം ആരംഭിച്ചതിനുശേഷം 1.15 കോടിയിലധികം സൂക്ഷ്മ , ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ബിസിനസ് സ്ഥാപനങ്ങൾക്കും സഹായം ലഭിച്ചു. കോവിഡ് 19 മഹാമാരി സൃഷ്ടിച്ച തടസ്സങ്ങളുടെ പശ്ചാത്തലത്തിൽ, പദ്ധതി പ്രകാരം വായ്പയ്ക്ക് അർഹരായവർക്ക് അവരുടെ പ്രവർത്തന ബാധ്യതകൾ നിറവേറ്റുന്നതിനും ബിസിനസുകൾ പുനരാരംഭിക്കുന്നതിനും ഇത് സഹായകമായി.

പദ്ധതി പ്രകാരം 2021 സെപ്റ്റംബർ 24 വരെ അനുവദിച്ച വായ്പ 2.86 ലക്ഷം കോടി രൂപ കടന്നു.

കോവിഡ് 19 മഹാമാരിയുടെ രണ്ടാം തരംഗം ദോഷകരമായി ബാധിച്ച വിവിധ ബിസിനസുകളെ പിന്തുണയ്ക്കുന്നതിനായി, അടിയന്തിര ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീമിന്റെ സമയപരിധി 31.03.2022 വരെയോ 4.5 ലക്ഷം കോടി രൂപയെന്ന ലക്ഷ്യം കൈവരിക്കും വരെയോ നീട്ടാനും തീരുമാനിച്ചു. കൂടാതെ, പദ്ധതിക്ക് കീഴിൽ തുക വിതരണം ചെയ്യുന്നതിനുള്ള അവസാന തീയതി 30.06.2022 വരെ നീട്ടി. .

# പ്രധാനമന്ത്രി സ്വച്ഛ് ഭാരത് മിഷൻ അർബൻ, അമൃത് എന്നിവ ആരംഭിക്കും

ന്യൂഡൽഹി : നമ്മുടെ എല്ലാ നഗരങ്ങളെയും 'മാലിന്യരഹിത'വും' ജലസുരക്ഷിതവുമാക്കാനുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതമായിട്ടാണ് സ്വച്ഛ് ഭാരത് മിഷൻഅർബൻ 2.0 എന്നിവ രൂപകൽപ്പന ചെയ്തിരിക്കുന്നത് ഈ മുൻനിര ദൗത്യങ്ങൾ ഇന്ത്യയെ അതിവേഗം നഗരവൽക്കരിക്കുന്നതിന്റെ വെല്ലുവിളികളെ ഫലപ്രദമായി അഭിമുഖീകരിക്കുന്നതിനുള്ള ഒരു മുന്നേറ്റത്തെ സൂചിപ്പിക്കുന്നു, കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030 കൈവരിക്കുന്നതിനും സഹായിക്കും.

കേന്ദ്ര പാർപ്പിട, നഗരകാര്യ മന്ത്രിയും, സഹമന്ത്രിയും സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും നഗരവികസന മന്ത്രിമാരും ചടങ്ങിൽ പങ്കെടുക്കും.

സ്വച്ഛ് ഭാരത് മിഷൻഅർബൻ 2.0 നെ കുറിച്ച് :

ഈ പദ്ധതി വിഭാവനം ചെയ്യുന്നത് എല്ലാ നഗരങ്ങളെയും 'മാലിന്യരഹിത'മാക്കാനും അമൃത് പദ്ധതിയിൽ ൽ ഉൾപ്പെടുന്ന നഗരങ്ങളൊഴികെ മറ്റെല്ലാ നഗരങ്ങളിലും കറുത്ത ജല പരിപാലനം ഉറപ്പുവരുത്താനും, എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളെയും ഓ ഡി എഫ് +ആയും 1 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള ഓ ഡി എഫ് ആയും അതുവഴി നഗരപ്രദേശങ്ങളിൽ സുരക്ഷിതമായ ശുചിത്വത്തിന്റെ കാഴ്ചപ്പാട് കൈവരിക്കുന്നു. ഖരമാലിന്യങ്ങളുടെ ഉറവിടം വേർതിരിക്കുക, എല്ലാത്തരം മുനിസിപ്പൽ ഖരമാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുക, ഫലപ്രദമായ ഖരമാലിന്യ സംസ്കരണത്തിനായി പൊതു ഇടങ്ങൾ എന്നിവയിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. എസ്ബിഎംയു 2.0 യുടെ വിഹിതം ഏകദേശം 1.41 ലക്ഷം കോടി രൂപയാണ്.

ഏകദേശം 4,700 നഗര തദ്ദേശസ്ഥാപനങ്ങളിലെ 2.68 കോടി ടാപ്പ് കണക്ഷനുകളും, 500 അമൃത് നഗരങ്ങളിൽ 100% മലിനജലവും സെപ്റ്റേജും 100% കവറേജ് നൽകിക്കൊണ്ട്, ഏകദേശം 2.64 കോടി മലിനജല/ സെപ്റ്റേജ് കണക്ഷനുകൾ നൽകാൻ അമൃത് 2.0 ലക്ഷ്യമിടുന്നു. നഗരപ്രദേശങ്ങളിലെ 10.5 കോടിയിലധികം ആളുകൾക്ക് പ്രയോജനം ലഭിക്കും. അമൃത് 2.0 സർക്കുലർ സമ്പദ്വ്യവസ്ഥയുടെ തത്വങ്ങൾ സ്വീകരിക്കുകയും ഉപരിതലത്തിന്റെയും ഭൂഗർഭജലങ്ങളുടെയും സംരക്ഷണവും പുനരുജ്ജീവനവും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഏറ്റവും പുതിയ ആഗോള സാങ്കേതികവിദ്യകളും വൈദഗ്ധ്യങ്ങളും പ്രയോജനപ്പെടുത്തുന്നതിനായി ജല മാനേജ്മെന്റിലും ടെക്നോളജി സബ് മിഷനിലും ഡാറ്റ നയിക്കുന്ന ഭരണത്തെ മിഷൻ പ്രോത്സാഹിപ്പിക്കും. വികസനത്തിന്റെ കാര്യത്തിൽ നഗരങ്ങൾക്കിടയിലെ മത്സരം പ്രോത്സാഹിപ്പിക്കുന്നതിനായി 'പേ ജൽ സർവേക്ഷൻ' നടത്തും. അമൃത് 2.0 യുടെ ചെലവ് ഏകദേശം 2.87 ലക്ഷം കോടി രൂപയാണ്.

എസ്ബിഎംയുഉം അമൃതും കഴിഞ്ഞ ഏഴ് വർഷങ്ങളിൽ നഗര ഭൂപ്രകൃതി മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. രണ്ട് മുൻനിര മിഷനുകൾ ജലവിതരണത്തിന്റെയും ശുചിത്വത്തിന്റെയും അടിസ്ഥാന സേവനങ്ങൾ പൗരന്മാർക്ക് എത്തിക്കാനുള്ള ശേഷി വർദ്ധിപ്പിച്ചു. ശുചിത്വം ഇന്ന് ഒരു ജനമുന്നേറ്റമായി മാറിയിരിക്കുന്നു. എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തുറന്ന സ്ഥലങ്ങൾ മലമൂത്ര വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കുകയും 70% ഖരമാലിന്യങ്ങൾ ഇപ്പോൾ ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നു. അമൃത് 1.1 കോടി ഗാർഹിക വാട്ടർ ടാപ്പ് കണക്ഷനുകളും 85 ലക്ഷം മലിനജല കണക്ഷനുകളും ഉൾപ്പെട്ട ജലസുരക്ഷ ഉറപ്പാക്കുന്നു, അങ്ങനെ 4 കോടിയിലധികം പേർക്ക് ഇവയുടെ പ്രയോജനം ലഭിക്കുന്നു.

# ഇന്ത്യൻ ഹോക്കിയുടെ പ്രൗഢി വീണ്ടെടുക്കുമ്പോൾ

ന്യൂഡൽഹി : ഒളിമ്പിക്സിലെ മെഡൽ ദാഹം തീർക്കാൻ 41 വർഷമാണ് ഇന്ത്യൻ ഹോക്കി ടീമിനെ വേണ്ടിവന്നത്. 2020 ടോക്കിയോ ഒളിമ്പിക്സിൽ മധുരതരമായ ഒരു വിജയം സ്വന്തമാക്കിയതിലൂടെ, ചരിത്രം തിരുത്തിക്കുറിക്കാൻ ദൃഢനിശ്ചയം കൈമുതലായുള്ള ഇന്ത്യൻ പുരുഷ ഹോക്കി ടീമിന് സാധിച്ചു .ടോക്കിയോ ഒളിമ്പിക്സിൽ ലഭിച്ച ഈ വെങ്കലം, കേവലം ഒരു മെഡൽ മാത്രമല്ല മറിച്ചു കോടിക്കണക്കിന് ഭാരതീയരുടെ പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും സാക്ഷാത്കാരം കൂടെയായിരുന്നു

ലോകഹോക്കിയിൽ ഇന്ത്യ രാജാക്കന്മാരായി വാണിരുന്ന ഒരു കാലമുണ്ടായിരുന്നു . ഒളിമ്പിക്സിൽ ഇതിനു മുൻപ് ഒൻപത് തവണ സ്വർണം സ്വന്തമാക്കിയ ഇന്ത്യയ്ക്ക്, കഴിഞ്ഞ നാല് ദശാബ്ദങ്ങളായി ആധുനിക ഹോക്കിയുടെ മാറുന്ന താളത്തിനൊത്ത പ്രകടനം പുറത്തിറക്കാൻ കഴിഞ്ഞിരുന്നില്ല ആസ്ട്രോ ടർഫിന്റെ വരവും, കളി നിയമങ്ങളിൽ ഉണ്ടായ അഭൂതപൂർവമായ മാറ്റങ്ങളും എല്ലാം ഇന്ത്യൻ ഹോക്കിയുടെ ഭാഗ്യങ്ങളിൽ ഒരു കോട്ടം സൃഷ്ടിച്ചു ഫലമോ, ആഗോള മത്സരവേദികളിൽ ഇന്ത്യൻ ഹോക്കി കിതച്ചു.

എന്നാൽ ഇപ്പോൾ ചാരത്തിൽ നിന്ന് കുതിച്ചുയർന്നിരിക്കുകയാണ് ഇന്ത്യൻ ഹോക്കി ടീം. അവർ പുനരുജ്ജീവനത്തിന്റെ പാതയിലാണ് . ഏറെ നാളായി കാത്തിരുന്ന ഒളിമ്പിക് മെഡൽ മൻപ്രീത് സിംഗിന്റെ നേതൃത്വത്തിന് കീഴിൽ, സ്വന്തമാക്കാൻ ഇന്ത്യൻ ഹോക്കി ടീമിന് സാധിച്ചു

ചരിത്ര വിജയം സ്വന്തമാക്കിയ ഇന്ത്യൻ സംഘത്തെ അഭിനന്ദിച്ചു കൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടത് ഇങ്ങനെയാണ് .'ഇത് പുതിയ ഇന്ത്യയാണ്, ആത്മ വിശ്വാസത്താൽ നിറഞ്ഞു തുളുമ്പുന്ന ഒരു ഇന്ത്യ. ഓരോ ഭാരതീയന്റെയും ഓർമ്മകളിൽ എന്നും നിലനിൽക്കുന്ന ഒരു ചരിത്ര ദിനമാണ് ഇന്ന്.

രാജ്യത്തേക്ക് വെങ്കലമെഡൽ കൊണ്ടുവന്ന ഇന്ത്യൻ സംഘത്തിന് അഭിനന്ദനങ്ങൾ. നമ്മുടെ യുവാക്കൾക്ക് പുതിയ പ്രതീക്ഷകൾ ആണ് അവർ സമ്മാനിച്ചിരിക്കുന്നത് '

ആശംസ ചടങ്ങിനിടെ എല്ലാ താരങ്ങളും ഒപ്പുവെച്ച ഒരു ഹോക്കി സ്റ്റിക്ക് ഇന്ത്യൻ ഹോക്കി ടീം പ്രധാനമന്ത്രിക്ക് സമ്മാനിച്ചു. വളർന്നുവരുന്ന ലക്ഷക്കണക്കിന് ഹോക്കി താരങ്ങൾക്ക് പ്രതീക്ഷയുടെ ചിറകുകൾ സമ്മാനിച്ച ഈ സ്റ്റിക്ക്, പ്രധാനമന്ത്രിക്ക് ലഭിച്ച സമ്മാനങ്ങൾ ഉൾപ്പെടുത്തിയുള്ള ഓൺലൈൻ ലേലത്തിൽ ഇടം പിടിച്ചിരിക്കുകയാണ്. ഈ സ്റ്റിക്ക് സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ആർക്കും mmementos.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്

സെപ്റ്റംബർ 17 ന് ആരംഭിച്ച ഈ ഓൺലൈൻ ലേലം ഒക്ടോബർ ഏഴ് വരെ നീണ്ടു നിൽക്കും . ലേല നടപടികളിൽ നിന്നും സമാഹരിക്കുന്ന തുക, ഗംഗ നദിയുടെ സംരക്ഷണവും പുനരുജ്ജീവനവും ലക്ഷ്യമിട്ട് നടപ്പാക്കുന്ന നമാമി ഗംഗ പദ്ധതിക്കായി വിനിയോഗിക്കുന്നതാണ്

# ജില്ലകൾക്കു കയറ്റുമതി കേന്ദ്രങ്ങളായി പ്രോത്സാഹനം

ന്യൂഡൽഹി : കയറ്റുമതി മേഖലയ്ക്ക് ഊർജ്ജം പകരാൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നിരവധി നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിനനുസൃതമായി, അഞ്ച് വർഷക്കാലയളവിൽ (20212022 മുതൽ 20252026 സാമ്പത്തിക വർഷം വരെ) ദേശീയ കയറ്റുമതി ഇൻഷുറൻസ് അക്കൗണ്ടിലേക്ക് (എൻഇഐഎ) 1650 കോടി രൂപയുടെ സഹായധനം നൽകുന്നതിന് ഗവൺമെന്റ് അംഗീകാരം നൽകി.

നയപരവും ദേശീയവുമായ പ്രാധാന്യമുള്ള, ഇന്ത്യയിൽ നിന്നുള്ള പദ്ധതി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് 2006ലാണ് എൻഇഐഎ ട്രസ്റ്റിനു തുടക്കം കുറിച്ചത്. ഇടത്തരം, ദീർഘകാല (എംഎൽടി)/പദ്ധതി കയറ്റുമതിയെ എൻഐഐഎ ട്രസ്റ്റ് പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി എംഎൽടി/പദ്ധതി കയറ്റുമതിക്കും ഇസിജിസി (മുമ്പ് എക്സ്പോർട്ട് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന് അറിയപ്പെട്ടിരുന്ന ഇസിജിസി ലിമിറ്റഡ്) നൽകിയ പരിരക്ഷയ്ക്കും ഇന്ത്യയിൽ നിന്നുള്ള പദ്ധതി കയറ്റുമതിയുമായി ബന്ധപ്പെട്ട എക്സിം ബാങ്ക് ഫോർ ബയേഴ്സ് ക്രെഡിറ്റിനും (ബിസി എൻഇഐഎ) പിന്തുണ (ഭാഗികവും പൂർണവുമായ) നൽകും.

എൻഇഐഎ ട്രസ്റ്റിലെ മൂലധന നിക്ഷേപം ഫോക്കസ് മാർക്കറ്റിൽ പദ്ധതി കയറ്റുമതിയുടെ വലിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇന്ത്യൻ പദ്ധതി കയറ്റുമതിക്കാരെ (ഐപിഇ) സഹായിക്കും. രാജ്യത്തുടനീളമുള്ള ഇന്ത്യൻ നിർമിത വസ്തുക്കളുടെ പദ്ധതി കയറ്റുമതിക്കുള്ള പിന്തുണ ഇന്ത്യയിലെ ഉത്പാദനം വർദ്ധിപ്പിക്കും. 1,650 കോടി രൂപയുടെ കേന്ദ്രസംഭാവന, ട്രസ്റ്റിന്റെ ഉത്തരവാദിത്വശേഷി വർദ്ധിപ്പിക്കും. 33,000 കോടി രൂപയുടെ പദ്ധതി കയറ്റുമതിക്ക് പൂർണ്ണതോതിൽ എൻഇഐഎയ്ക്ക് പിന്തുണ നൽകാനുമാകും. അത് ഏകദേശം 25,000 കോടി ചെലവഴിച്ച് ആഭ്യന്തരമായി നിർമിച്ച സാമഗ്രികളുടെ ഉൽപ്പാദനത്തിനായി ഉപയോഗപ്പെടുത്തും.

കൂടാതെ, പദ്ധതികളിലെ ഏകദേശം 75% ഇന്ത്യൻ നിർമിതസാമഗ്രികളാണെന്നു കരുതിയാൽ, ലോക ബാങ്കിന്റെയും അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെയും' തൊഴിലുകളിലേക്കുള്ള കയറ്റുമതി' റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഏകദേശം 12,000 തൊഴിലാളികൾ ഔപചാരിക മേഖലയിലുണ്ടാകുമെന്ന് കണക്കാക്കുന്നു. കൂടാതെ, റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള ഏകദേശകണക്ക് അനുസരിച്ച്, മൊത്തം തൊഴിലാളികളുടെ എണ്ണം (ഔപചാരികവും അനൗപചാരികവും) 2.6 ലക്ഷം വർദ്ധിക്കും.

ക്രെഡിറ്റും പൊളിറ്റിക്കൽ ഇൻഷുറൻസും പ്രവർത്തനക്ഷമമാക്കി, ഇടത്തരം, ദീർഘകാല (എംഎൽടി)/പദ്ധതി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് 2006ലാണ് എൻഇഐഎ ട്രസ്റ്റ് സ്ഥാപിച്ചത്.

വാണിജ്യപരമായി ലാഭകരവും നയപരമായ പ്രാധാന്യമുള്ളതുമായ പദ്ധതികളെ എൻഇഐഎ പിന്തുണയ്ക്കുന്നു

ഇന്ത്യാ ഗവൺമെന്റിന്റെ കോർപ്പസ് പ്രതിബദ്ധത 4000 കോടി രൂപയാണ്. അനുവദനീയമായ പരമാവധി ബാധ്യത യഥാർത്ഥ കോർപ്പസിന്റെ 20 മടങ്ങ് ആണ്

വർഷങ്ങളായി ഇന്ത്യൻ ഗവൺമെന്റിൽനിന്ന് ലഭിച്ച സംഭാവന, 2021 മാർച്ച് 31 വരെ, 3,091 കോടി രൂപയാണ്.

തുടക്കം മുതൽ, 53,000 കോടി രൂപയുടെ കേന്ദ്രീകൃത പദ്ധതി മൂല്യത്തോടെ, 2021 ഓഗസ്റ്റ് 31 വരെ 52 രാജ്യങ്ങളിലെ 213 ഇടങ്ങളിലേക്ക് എൻഇഐഎ വിപുലപ്പെടുത്തി.

പദ്ധതി കയറ്റുമതി പ്രാപ്തമാക്കുന്നതിൽ ഇതിന്റെ സ്വാധീനം ആഫ്രിക്കയിലും ദക്ഷിണേഷ്യയിലും ഏറ്റവുമധികം പ്രാധാന്യമർഹിക്കുന്നു.

കഴിഞ്ഞ കുറച്ചുവർഷങ്ങളായി കയറ്റുമതി സംബന്ധമായ ഗവൺമെന്റ് സ്വീകരിച്ച പദ്ധതികളും മറ്റു സംരംഭങ്ങളും കോവിഡ് 19 മഹാമാരിയുടെ സാഹചര്യം പരിഗണിച്ച് വിദേശ വ്യാപാര നയം (201520) 30092021 വരെ നീട്ടി

കോവിഡ് 19 കാലഘട്ടത്തിൽ പണലഭ്യത ഉറപ്പാക്കുന്നതിനായി എഴുതപ്പെട്ട എല്ലാ അടിസ്ഥാന പദ്ധതികളുടെയും കീഴിലുള്ള എല്ലാ കുടിശ്ശികകളും തീർക്കുന്നതിന് 2021 സെപ്റ്റംബറിൽ 56,027 കോടി രൂപ അനുവദിച്ചു

കയറ്റുമതി ഉൽപ്പന്നങ്ങളുടെ ഡ്യൂട്ടിയും നികുതിയും ഒഴിവാക്കാനായി (ആർഒഡിടിഇപി) പുതിയ പദ്ധതി കൊണ്ടുവന്നു. 202122 സാമ്പത്തിക വർഷത്തിൽ 12,454 കോടി രൂപ ഇതിനായി അനുവദിച്ചു. കേന്ദ്ര, സംസ്ഥാന, പ്രാദേശിക തലങ്ങളിൽ നിലവിൽ മറ്റേതെങ്കിലും സംവിധാനത്തിന് കീഴിൽ റീഫണ്ട് ചെയ്യാത്ത നികുതികൾ/ ഡ്യൂട്ടികൾ/ ലെവികൾ തിരിച്ചടയ്ക്കുന്നതിനുള്ള ഒരു ഡബ്ല്യുടിഒ അനുസൃത സംവിധാനമാണിത്.

ആർഒഎസ്സിടിഎൽ സ്കീം വഴി കേന്ദ്ര/ സംസ്ഥാന നികുതികൾ ഇളവ് ചെയ്ത് വസ്ത്രമേഖലയ്ക്കുള്ള പിന്തുണ വർദ്ധിപ്പിച്ചു. ഇത് ഇപ്പോൾ 2024 മാർച്ച് വരെ നീട്ടി

വ്യാപാരം സുഗമമാക്കുന്നതിനും കയറ്റുമതിക്കാരുടെ എഫ്ടിഎ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും പ്രാരംഭ സർട്ടിഫിക്കറ്റിനായുള്ള കോമൺ ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിച്ചു

കൃഷി, ഉദ്യാനപാലനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ഭക്ഷ്യ സംസ്കരണ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട കാർഷിക കയറ്റുമതിക്ക് ഉത്തേജനം നൽകുന്ന സമഗ്രമായ 'കാർഷിക കയറ്റുമതി നയം' നടപ്പിലാക്കുന്നു.

മുൻ നിരയിലുള്ള 12 സേവന വിഭാഗങ്ങൾക്കായി നിർദ്ദിഷ്ട പ്രവർത്തന പദ്ധതികൾ പിന്തുടർന്ന് സേവന കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും വൈവിധ്യവത്കരിക്കുകയും ചെയ്യുന്നു

ഓരോ ജില്ലയിലും കയറ്റുമതി സാധ്യതയുള്ള ഉൽപന്നങ്ങൾ തിരിച്ചറിഞ്ഞ് ജില്ലകളെ കയറ്റുമതി കേന്ദ്രങ്ങളായി പ്രോത്സാഹിപ്പിക്കുന്നു. ഈ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുന്നു. ജില്ലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രാദേശിക കയറ്റുമതിക്കാർ/നിർമ്മാതാക്കൾക്ക് പിന്തുണ നൽകുന്നു.

ഇന്ത്യയുടെ വ്യാപാരം, ടൂറിസം, സാങ്കേതികവിദ്യ, നിക്ഷേപ ലക്ഷ്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിദേശത്തെ ഇന്ത്യൻ ദൗത്യങ്ങളുടെ പങ്കാളിത്തം ചടുലമാക്കി

വിവിധ ബാങ്കിംഗ്, സാമ്പത്തിക മേഖലകളിലെ ദുരിതാശ്വാസ നടപടികളിലൂടെ ആഭ്യന്തര വ്യവസായത്തെ പിന്തുണയ്ക്കാൻ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പാക്കേജ് പ്രഖ്യാപിച്ചു. പ്രത്യേകിച്ച് കയറ്റുമതിയിൽ മുഖ്യ പങ്കാളിത്തമുള്ള എംഎസ്എംഇകൾക്ക്.

വാണിജ്യ അടിസ്ഥാന സൗകര്യവും ക്രയവിക്രയവും പ്രോത്സാഹിപ്പിക്കുന്നതിന് കയറ്റുമതി പദ്ധതിക്കായുള്ള വ്യാപാര അടിസ്ഥാന സൗകര്യം (ടിഐഇഎസ്), വിപണീപ്രവേശ സംരംഭങ്ങൾ (എംഎഐ) പദ്ധതി, ഗതാഗത വാണിജ്യ പിന്തുണ (ടിഎംഎ) പദ്ധതികൾ.

# നിമാച്ച്രത്ലം റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിന് മന്ത്രിസഭ അംഗീകാരം നൽകി

ന്യൂഡൽഹി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിലുള്ള സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര മന്ത്രിസഭാ സമിതി നിമാച്ച്രത്ലം റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിന് അംഗീകാരം നൽകി. പദ്ധതിയുടെ ആകെ കണക്കാക്കിയ ചെലവ് 1,095.88 കോടി രൂപയും അതിന്റെ വർദ്ധനവ് / പൂർത്തീകരണ ചെലവ് 1,184.67 കോടി രൂപയുമാണ്. ലൈനിന്റെ ഇരട്ടിപ്പിക്കലിന്റെ ആകെ നീളം 132.92 കിലോമീറ്ററാണ്. നാല് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കും.

അറ്റകുറ്റപ്പണികൾക്കൊപ്പം 145.6% വരെയാണ് നിമാച്ച്രത്ലം വിഭാഗത്തിന്റെ ലൈൻ ശേഷി വിനിയോഗം. സിമന്റ് കമ്പനികളുടെ ക്യാപ്റ്റീവ് പവർ പ്ലാന്റുകൾക്കുള്ള കൽക്കരിയാണ് പ്രധാന ചരക്ക് ഗതാഗതം. നിമച് ചിത്തോർഗഢ് പ്രദേശത്ത് ചുണ്ണാമ്പുകല്ലിന്റെ വാൻ നിക്ഷേപം ഉള്ളതിനാൽ പുതിയ സിമന്റ് വ്യവസായങ്ങൾ വരുന്നതോടെ ഈ വിഭാഗത്തിലെ ട്രാഫിക് കൂടുതൽ വർദ്ധിക്കും.

നിമച്ച്രത്ലം സെക്ഷൻ ഇരട്ടിപ്പിക്കുന്നത് ഈ വിഭാഗത്തിന്റെ ശേഷി വർദ്ധിപ്പിക്കും. അങ്ങനെ, കൂടുതൽ ചരക്കുകളും പാസഞ്ചർ ട്രെയിനുകളും ഇതു വഴി കടന്നുപോകും. സിമന്റ് വ്യവസായങ്ങളുടെ സാമീപ്യം കാരണം, ഒന്നാം വർഷം മുതൽ പ്രതിവർഷം 5.67 ദശലക്ഷം ടൺ അധിക ചരക്ക് ഗതാഗതം പ്രതീക്ഷിക്കുന്നു, ഇത് 11 വർഷത്തിൽ 9.45 ദശലക്ഷം ടൺ ആയി വർദ്ധിക്കും. ഇത് എളുപ്പത്തിലുള്ള കണക്റ്റിവിറ്റിയും പ്രദേശത്തിന്റെ സാമൂഹികസാമ്പത്തിക വികസനത്തിനും കാരണമാകും . കോട്ടയിലെ ഊഞ്ചാ ഗഢ് ഉൾപ്പെടെയുള്ള നിരവധി ചരിത്ര സ്ഥലങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നതിനാൽ ഈ പദ്ധതി ഈ പ്രദേശത്തെ ടൂറിസം വർദ്ധിപ്പിക്കും.

കയറ്റുമതിക്കാർക്കും ബാങ്കുകൾക്കും പിന്തുണ നൽകുന്നതിന് 5 വർഷത്തിനുള്ളിൽ ഇ.സി.ജി.സി (എക്പോർട്ട് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ ഓഫ് ഇന്ത്യ) ലിമിറ്റഡിൽ 4,400 കോടി നിക്ഷേപിക്കുന്നതിന് ഗവൺമെന്റ് അനുമതി . ഇ.സി.ജി.സിയുടെ ജാമ്യം നിൽക്കൽ ശേഷി 88,000 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും അടുത്ത അഞ്ചുവർഷത്തേയ്ക്ക് 5.28 ലക്ഷം കോടിയുടെ അധിക കയറ്റുമതി പ്രേരിപ്പിക്കുന്നതിനുമായി മൂലധന സന്നിവേശനവും പ്രാരംഭ പബ്ലിക് ഓഫറും

ഔപചാരിക മേഖലയിൽ 2.6 ലക്ഷം ഉൾപ്പെടെ 59 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇത് സഹായിക്കും

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.